# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

(THE FIRST JUMA MASJID IN INDIAN SUB CONTINENT)



## മഹല്ല് പൊതുയോഗം 2018

**2018 ജൂൺ 10 ഞായറാഴ്ച രാവിലെ 9 മണിക്ക്, ചേരമാൻ ഓർഫനേജ് ഹാളിൽ**

### നോട്ടീസ്

മാന്യരെ, السلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം 10.06.2018 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. പൊതുയോഗ നോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്ന്,

**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**

സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

20-05-2018

കൊടുങ്ങല്ലൂർ

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com
Phone: 0480 - 280 3170, +91 82 89 84 3170

# മഹല്ല് ഭരണസമിതി 2016–2018

പ്രസിഡന്റ്



ഡോ. പി.എ. മുഹമ്മദ് സഈദ്

വൈ: പ്രസിഡന്റ്



യു.എ. സെയ്തു മുഹമ്മദ്

സെക്രട്ടറി



എസ്.എ. അബ്ദുൽ കയ്യൂം

ജോ. സെക്രട്ടറി



പി.എസ്. മുഹമ്മദ് റഷീദ്

ട്രഷറർ



എ.കെ.കെ. നയന(മുത്തു)

# കമ്മറ്റി അംഗങ്ങൾ



കെ.എ. അമീർ അലി



കെ.എ. അബ്ദുൽ കരീം



കെ.പി. അഷ്റഫ്



കെ.എം. അബ്ദുൽ റഹിമാൻ



സി.കെ. അബ്ദുൾ കലാം



പി.എം. അബ്ബാസ്



കെ.വൈ. അക്ബർ



എ.എ. ഹനീഫ



ഡോ. അബ്ദുൾ റഹ്മാൻ കെ.എ.



ടി.കെ. ഹൈദ്രോസ്

## ഓഡിറ്റേഴ്സ്



സി.എ. അബ്ദുൽ റഷീദ്



ടി.കെ. അബ്ദുൽ കരീം

## റിട്ടേണിംഗ് ഓഫീസർ



സി.വൈ. സലിം

## അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ



നവാസ് പടുവിങ്ങൽ

# മഹല്ല് പൊതുയോഗം – 2018

**2018 ജൂൺ 10 ഞായറാഴ്ച**

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. 2017–2018 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
5. 13.05.2017 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
6. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് (2017–2018) അവതരിപ്പിച്ച് പാസാക്കൽ
7. ചോദ്യങ്ങൾ - പ്രമേയങ്ങൾ
8. 2018–2019 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
10. 2018–2021 വർഷത്തേക്കുള്ള മഹല്ല് റിട്ടേണിംഗ് ഓഫീസർമാരെ തെരഞ്ഞെടുക്കൽ.
11. 2018–2020 വർഷത്തേക്കുള്ള മഹല്ല് ഭരണസമിതിയെ തെരഞ്ഞെടുക്കൽ.
12. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
13. ഉപസംഹാരം
14. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 06.06.2018 –ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

## മഹല്ല് ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ്

2018–2020 കാലയളവിലെ മഹല്ല് ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്ന മഹല്ല് അംഗങ്ങൾ ഭരണഘടന 4 : 2 പ്രകാരം നാമനിർദ്ദേശപത്രിക ഓഫീസിൽ നിന്നും വാങ്ങി യഥാവിധി പൂരിപ്പിച്ച് മഹല്ല് പൊതുയോഗത്തിൽ വരണാധികാരി വശം നൽകേണ്ടതാണ്. നാമനിർദ്ദേശപത്രിക 06–06–2018 ബുധനാഴ്ച വൈകീട്ട് 5 മണിക്ക് മുമ്പായി വാങ്ങിയിരിക്കേണ്ടതാണ്. അതിന് ശേഷം പത്രിക വിതരണം ഉണ്ടായിരിക്കുന്നതല്ല.

എന്ന്,

| സഹവരണാധികാരി | മുഖ്യ വരണാധികാരി |
|---|---|
| **ജനാബ് നവാസ് പടുവിങ്ങൽ (ഒപ്പ്)** | **ജനാബ് സി.വൈ. സലീം (ഒപ്പ്)** |

# പ്രവർത്തന റിപ്പോർട്ട് 2017-2018

*"കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ"*

പ്രിയരെ, അസ്സലാമുഅലൈക്കും

ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ ചർച്ചക്കും പുതിയ തീരുമാനങ്ങൾക്കുമായി പതിവ് പോലെ നാം ഒരുമിച്ച് കൂടുകയാണ്. മഹല്ല് പൊതുയോഗം എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കിയതിനൊപ്പം മഹല്ലിന്റെ, ദൈനംദിന പ്രവർത്തനങ്ങൾക്കായി കമ്മറ്റി അതാത് സമയങ്ങളിലെടുത്തിട്ടുള്ള തീരുമാനങ്ങളും നയങ്ങളും നാം ചർച്ച ചെയ്യുകയാണ്. വിശാലമായ ജനാധിപത്യ കാഴ്ചപ്പാടുകൾ ഉൾകൊള്ളുന്ന ഒരു ഭരണഘടനയും ഭരണ ഘടനാ വിധേയമായി പ്രവർത്തിക്കുന്ന ഭരണ സംവിധാനവും, മറ്റു പ്രദേശങ്ങളേക്കാൾ നന്നായി നമ്മുടെ മഹല്ലിൽ പ്രവർത്തിക്കുന്നു എന്നത് ഈ മഹല്ലിന്റെ അഭിമാനമാണ്. കഴിഞ്ഞ 30 വർഷങ്ങളായി ഒരു വർഷം പോലും നമ്മുടെ ജനറൽബോഡി യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടന്ന് വരുന്നു എന്നത് ഈ മഹല്ലിന്റെ മറ്റൊരു ചരിത്ര നേട്ടമാകാം. ഓരോ പെതുയോഗങ്ങളിലും പക്ഷങ്ങളും മറുപക്ഷങ്ങളും ഉണ്ടാകുമെങ്കിൽ പോലും അത് ഈ മഹല്ലിന്റെ ജനാധിപത്യ സംവിധാനത്തിന് ഉൾക്കരുത്ത് പകരാനുള്ളത് മാത്രമായിരുന്നു എന്നതും, പിന്നീടത് മഹല്ല് പുരോഗതിക്ക് വേണ്ടി കൂട്ടായ്മക്കായുള്ള മനസ്സാകുന്നു എന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്. ചരിത്രം നമ്മെ പഠിപ്പിച്ച തിക്താനുഭവങ്ങളിൽ ഒന്ന് സമുദായത്തിലെ ഛിദ്രതയും വിഭാഗിയതയുമാണ്. നാഥന്റെ അപാരമായ അനുഗ്രഹത്താൽ നമ്മുടെ മഹല്ല് ഭരണ സംവിധാനത്തിലേക്ക് ഒരു വിഭാഗിയതയേയും അടുപ്പിക്കാതിരിക്കാനും ഈ മഹല്ലിന്റെ സ്വാതന്ത്ര്യത്തേയും ഐക്യത്തേയും ഒരു സംഘടനക്കും പണയപ്പെടുത്താതെ നിലനിർത്തികൊണ്ട് പോകാനും വർഷങ്ങളായി നമുക്കായിട്ടുണ്ട്. മറ്റു മഹല്ലുകൾക്ക് മാതൃകയായി നമുക്ക് അവകാശപ്പെടാവുന്ന അപൂർവ്വം നേട്ടങ്ങളിലൊന്നായിരിക്കാം ഇത്. മേലിലും അപ്രകാരം തന്നെ ലോകത്തിന് മുന്നിൽ ഈ പള്ളിയുടെ യശസ്സുയർത്തി നിർത്താനും പ്രാപ്തരാകാൻ നാം ശ്രമിക്കേണ്ടതുണ്ട്.

പക്വമായ ഒരു സമൂഹമാണ് ചേരമാൻ മഹല്ലിലുള്ളത്. വിമർശനങ്ങൾ മഹല്ലിന്റെ നന്മക്കുള്ളതും വിലയിരുത്തലുകൾ ഭാവിക്ക് വേണ്ടിയുമുള്ളതാകണമെന്നത് നമ്മുടെ അംഗങ്ങൾ എന്നും ആപ്തവാക്യം പോലെ മനസ്സിൽ പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. അത്തരത്തിലുള്ള ഒരു സമൂഹത്തിന്റെ സൂക്ഷ്മ വിശകലനത്തിൽ ഈ മഹല്ലിന്റെ പരിപാലന കർത്തവ്യം കൈകാര്യം ചെയ്യാൻ ലഭിച്ച അവസരം തീർച്ചയായും പ്രാധാന്യമർഹിക്കുന്നതാണ്. മാത്രമല്ല നിലവിലെ സാമൂഹ്യ സാഹചര്യങ്ങളിലും, ഉപഭൂഖണ്ഡത്തിലെ ആദ്യ ജുമാ മസ്ജിദ് എന്ന നിലയിലും നാം എടുക്കുന്ന തീരുമാനങ്ങൾ ഗൗരവപൂർവ്വം വീക്ഷിക്കുന്ന ഒരു സമൂഹത്തിൽ തികച്ചും പക്വമായി ഇടപെടാനും ഇടപെടലുകൾ സമുദായത്തിന്റെ അന്തസുയർത്താനുമായുള്ളതുമാകുന്നത് നമ്മെ പ്രതീക്ഷിക്കുന്ന മതേതര സമൂഹത്തിന് തൃപ്തി നൽകുന്നതായിരുന്നു. അടിസ്ഥാനപരമായി ഈ മഹല്ലിന്റെ ഉയർച്ചക്കും വളർച്ചക്കും മഹല്ല് കമ്മിറ്റി പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സമൂഹത്തിലും സമുദായത്തിലും വേർതിരിവുണ്ടാക്കാതെ നീതി പൂർവ്വം സൂക്ഷ്മതയോടെ മഹല്ലിന്റെ വിഭവങ്ങൾ ഉപയോഗപ്പെടുത്താനും കമ്മിറ്റി ശ്രമിച്ചിട്ടുണ്ട്. "സൃഷ്ടികൾ അല്ലാഹുവിന്റെ കുടുംബമാണ് സൃഷ്ടികൾക്ക് സേവനം ചെയ്യുന്നവരെയാണ് അല്ലാഹുവിന് ഇഷ്ടം" എന്ന

ഹദീസ് വചനമാണ് മഹല്ല് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ആധാരശിലകളിലൊന്ന്. അത് പൂർണ്ണമായും നിവർത്തിക്കാൻ കഴിഞ്ഞു എന്നാണ് ഞങ്ങളുടെ വിശ്വാസം.

നമ്മുടെ മഹല്ല് ഒരു പൊതുതെരഞ്ഞെടുപ്പ് പൊതുയോഗത്തിനെയാണ് അഭിമുഖീകരിക്കുന്നത്. ഓരോ രണ്ട് വർഷവും കൂടുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പുകൾ നമ്മുടെ ജനാധിപത്യ ബോധത്തെ ഉണർത്തുന്നതും ജനാധിപത്യ സംവിധാനത്തോടുള്ള നമ്മുടെ ഇഴയടുപ്പം കൂട്ടുന്നതുമാണ്. തെരഞ്ഞെടുപ്പുകൾ നമ്മുടെ മഹല്ലിന്റെ വികസന കാഴ്ചപ്പാടിനേയോ പുരോഗതിയേയോ പുറകോട്ട് വലിക്കുന്നുമില്ല. തെരഞ്ഞെടുപ്പുകൾ കഴിയുമ്പോൾ ഒരു മനസ്സോടെ മഹല്ലിന് വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുവാൻ നമ്മുടെ മഹല്ലിന് കഴിയുന്നു എന്നത് നിസാര കാര്യമല്ല. തികഞ്ഞ ജനാധിപത്യ ബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാനും അത് ഈ മഹല്ലിന്റെ വികസന കാഴ്ചപ്പാടിനൊപ്പം നിൽക്കുന്ന ഒന്നായി തീരുവാനും കഴിഞ്ഞ 24 വർഷങ്ങളിലെ മഹല്ല് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എന്ന് കമ്മിറ്റി വിശ്വസിക്കുന്നു. പ്രവർത്തന വൈവിധ്യങ്ങൾ നിറഞ്ഞ രണ്ടു വർഷമാണ് കടന്നുപോയത് 2016 തെരഞ്ഞെടുപ്പിന്റെ ആരവങ്ങൾ അടങ്ങിയതിന് ശേഷംഒരു നിമിഷം പോലും പാഴാക്കാതെ കർമ്മനിരതരാകാൻ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. അത് സർവ്വശക്തന്റെ ചരിത്ര ഗേഹത്തിന്റെ ഉയർച്ചക്ക് വേണ്ടി മാത്രമുള്ളതായിരുന്നു.

റിപ്പോർട്ട് കാലയളവിൽ 23 മഹല്ല് കമ്മിറ്റി യോഗങ്ങളും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒരു പ്രത്യേക പൊതുയോഗവും ചേർന്നിട്ടുണ്ട്. കൂടാതെ 2017 ലെ പൊതുയോഗ തീരുമാന പ്രകാരം ഭരണഘടന ഭേദഗതികൾക്കു നിയമിച്ച ഉപസമിതിയുടെ 6 യോഗങ്ങളും മഹല്ല് മോണിറ്ററിങ്ങ് കമ്മിറ്റിയുടെ 2 യോഗങ്ങളും കൂടിയിട്ടുണ്ട്. കൂടാതെ മഹല്ല് അഡ്വൈസറി കമ്മിറ്റികളുടെ 4 സംയുക്ത യോഗങ്ങളും 11 സ്റ്റാഫ് കൗൺസിൽ യോഗങ്ങളും മഹല്ല് കമ്മിറ്റി വിളിച്ച് ചേർത്തിട്ടുണ്ട്. പ്രാദേശിക മദ്രസ്സകളിലെ രക്ഷിതാക്കളുടേയും പരിസരവാസികളുടേയും 21 യോഗങ്ങളും റിപ്പോർട്ട് കാലയളവിൽ മഹല്ല് കമ്മിറ്റി വിളിച്ച് ചേർന്നിട്ടുണ്ട്. മഹല്ലിനെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളും മഹല്ല് കമ്മിറ്റിയുടെ പൊതു ചർച്ചക്ക് വിധേയമായി ഐക്യകണ്ഠേന തീരുമാനമെടുക്കാനും കമ്മിറ്റിക്കായിട്ടുണ്ട്. കെട്ടുറപ്പോടെയും ഐക്യത്തോടെയും ഒറ്റ മനസ്സായി പ്രവർത്തിക്കാനായി എന്നതിൽ ഞങ്ങൾ സർവ്വശക്തനോട് നന്ദി പറയുന്നു. ഈ കെട്ടുറപ്പ് മഹല്ലിന് ഏറെ ഗുണം ചെയ്തു എന്നതിൽ കമ്മിറ്റിക്ക് തൃപ്തിയുണ്ട്. നമ്മുടെ ഐക്യം ഇല്ലാതാക്കാനും അതുവഴി സമുദായത്തിൽ ഛിദ്രതയുണ്ടാക്കണമെന്നും ആഗ്രഹിക്കുന്നവർക്കുള്ള മറുപടിയാണ് ചേരമാൻ ജുമാ മസ്ജിദെന്ന് ആഹ്ലാദത്തോടെ പറയാൻ കഴിയുന്നതിൽ നാഥനോട് നന്ദി പറയുന്നു. അത് നിലനിർത്താൻ ഓരോ മഹല്ല് അംഗത്തിനും ബാധ്യതയുണ്ടെന്നും ഓർമ്മപ്പെടുത്തുന്നു. ചരിത്രത്തിന്റെയും പൈതൃകത്തിന്റെയും പെരുമ ആവോളം പേറുന്ന ഒരു ചരിത്ര വിസ്മയത്തിന്റെ നേരവകാശികളാണ് ചേരമാൻ മഹല്ല് നിവാസികൾ എന്നത് നമ്മുടെ ഉത്തരവാദിത്വത്തിന് തികഞ്ഞ ഗൗരവം നൽകുന്നു. ഇസ്ലാമിന്റെ കടന്നുവരവിന് വേദിയായ ഈ പവിത്രമായ മണ്ണ് ദീനിന്റെ സംസ്കാരത്തിന്റെ തികഞ്ഞ മാതൃകയാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് കലുഷിതമായ ഇന്നത്തെ സാഹചര്യത്തിൽ നാം കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. പുതിയ ഭരണസമിതിക്ക് ഈ കാര്യങ്ങളിൽ അതീവ ശുഷ്കാന്തിയുണ്ടാകണമെന്ന് സാന്ദർഭികമായി ഉണർത്തട്ടെ.

## അഡ്വൈസറി കമ്മിറ്റികൾ

മഹല്ലിലെ 8 മദ്രസകൾ കേന്ദ്രീകരിച്ച് 8 അഡ്വൈസറി കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അതിന് പ്രദേശത്തെ മദ്രസാ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, പരിസരവാസികൾ എന്നിവരെയാണ് ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 8 അഡ്വൈസറി കമ്മിറ്റികളും സജീവമായി പ്രവർത്തിക്കുന്നു എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മേന്മ. 8 അഡ്വൈസറി കമ്മിറ്റികളുടെ സംയുക്ത യോഗം മഹല്ല് കമ്മിറ്റി വിളിച്ച് കൂട്ടുകയും മഹല്ല് പൊതു ആവശ്യങ്ങളിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. നബിദിനാഘോഷം, സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയ്യത്ത് തുടങ്ങിയ എല്ലാ കാര്യങ്ങളിലും സേവനോത്സുകതയോടെ അഡ്വൈസറി കമ്മിറ്റികൾ മഹല്ലിൽ പ്രവർത്തിച്ച് വരുന്നുണ്ട്. മഹല്ല് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളിൽ അഡ്വൈസറി കമ്മിറ്റികളുടെ ഉപദേശങ്ങൾ തേടുന്നതും, അഡ്വൈസറി കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ പലതും മഹല്ല് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കുന്നതും ഇപ്പോൾ സർവ്വ സാധാരണമാണ്. മഹല്ല് പരിപാലനം സുതാര്യമാക്കാനും കൂടുതൽ ജനകീയമാക്കാനും അഡ്വൈസറി കമ്മിറ്റികളുടേയും മഹല്ല് കമ്മിറ്റിയുടേയും യോജിച്ചുള്ള പ്രവർത്തനങ്ങൾ കാരണമായിട്ടുണ്ട്. വിശാലമായ സൗഹൃദങ്ങൾ വിശാലമായ ഹൃദയങ്ങൾക്ക് ഉടമയാക്കും, വിശാലമായ ഹൃദയങ്ങൾക്ക് സ്വാർത്ഥത ഇല്ലാതാക്കാൻ കഴിയുമെന്ന് പണ്ഡിറ്റ് നെഹ്റുവിന്റെ നിർവചനം നമുക്ക് പാഠമാക്കാം. മദ്രസകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, ആവശ്യങ്ങൾ എന്നിവ മഹല്ല് കമ്മിറ്റിയെ അറിയിച്ച് നിർവ്വഹിക്കുവാൻ അഡ്വൈസറി കമ്മിറ്റികൾ ശുഷ്കാന്തി കാണിക്കുന്നുണ്ട്. അവധികൾ കൂടുതലെടുക്കുന്ന കുട്ടികളുടെ വീട് സന്ദർശിക്കൽ, മദ്രസ്സകൾ കേന്ദ്രീകരിച്ചുള്ള ഖുർആൻ പഠനക്ലാസ്, വനിതാ ഖുർആൻ ക്ലാസ് തുടങ്ങിയ എല്ലാ കാര്യങ്ങളുടേയും വിവരങ്ങൾ അതാത് പ്രദേശത്തെ അഡ്വൈസറി കമ്മിറ്റി മുഖാന്തിരമാണ് വീടുകളിലെത്തുന്നത്. അഡ്വൈസറി കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ മഹല്ല് കമ്മിറ്റിക്ക് എന്നും വിലപ്പെട്ടത് തന്നെയാകുന്നു. മേലിലും അത് നിലനിർത്തികൊണ്ട് പോകുവാനും കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനും വരുംകാല കമ്മിറ്റികൾക്ക് കഴിയുകയാണെങ്കിൽ അനുഭവ സമ്പത്തുള്ള ഒരു സംഘടനയെ മഹല്ലിന്റെ വികസനത്തിന് ഉപയോഗിക്കാവുന്നവിധം വളർത്തി കൊണ്ടുവരുവാൻ കഴിയും. മഹല്ല് കമ്മറ്റിയോടുള്ള സഹകരണത്തിന് അഡ്വൈസറി കമ്മിറ്റി അംഗങ്ങളോടുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

## ജീവനക്കാർ / മദ്രസകൾ

നമ്മുടെ മഹല്ലിൽ 38 ജീവനക്കാർ നിലവിൽ ജോലി ചെയ്ത് വരുന്നു. മഹല്ലിലെ മദ്രസകളിൽ 21 അദ്ധ്യാപകരാണുള്ളത്. 293 കുട്ടികളാണ് നമ്മുടെ മഹല്ലിൽ സെക്കന്ററി മദ്രസയുൾപ്പെടെയുള്ള 9 മദ്രസകളിൽ പഠിക്കുന്നത്. ഏകദേശം 14 കുട്ടികൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിലാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നതും അദ്ധ്യാപകരുള്ളതും അഞ്ചപ്പാലം മദ്രസയിലാണ്. 113 കുട്ടികൾ പഠിക്കുന്ന ഈ മദ്രസയിൽ 4 അദ്ധ്യാപകരാണ് ഉള്ളത്. അതേസമയം 15 കുട്ടികൾ പഠിക്കുന്ന കാവിൽക്കടവ് നൂറുൽ യഖീൻ മദ്രസയിൽ 2 അദ്ധ്യാപകരുമുണ്ട്. എല്ലാ മദ്രസയിലും ഒന്നിലധികം അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. പാർട്ട് ടൈം അദ്ധ്യാപകർ, സദർ മുഅല്ലിമീങ്ങൾ, അസി. ഖത്തീബ്, അസി. മുക്രി എന്നിവരും കാവിൽക്കടവിലെ അസി. ഇമാമും മഖ്ബറ ക്ലാർക്കുമുൾപ്പെടെയുള്ള 21 പേരാണ് മദ്രസകൾ കൈകാര്യം ചെയ്യുന്നത്. എങ്കിലും പല

മദ്രസകളിലും അദ്ധ്യാപകർ പോരാ എന്ന പരാതികളും നിലവിലുണ്ട്. മദ്രസകളും നമ്മുടെ കുട്ടികളും നാമുദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്കെത്തുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെ കുത്തഴിഞ്ഞ് കിടന്നിരുന്ന മതപഠനരംഗം പ്രതീക്ഷയേകും വിധം പരിപോഷിപ്പിക്കാനായിട്ടുണ്ട്. സമസ്ത കേരള ഇസ്ലാം മത വിദ്യഭ്യാസ ബോർഡിന്റെ അവസാന ഘട്ട സന്ദർശന റിപ്പോർട്ട് പ്രകാരം പഠന നിലവാരം മുൻ വർഷത്തേക്കാൾ താഴേക്ക് പോയി എന്ന വിമർശനവും മഹല്ല് അംഗങ്ങളുമായി പങ്ക് വെക്കുന്നു. മഹല്ലിന്റെ മൊത്തം വരുമാനത്തിന്റെ ഏകദേശം 45% ജീവനക്കാരുടെ വേതനത്തിന് വേണ്ടി നാം മാറ്റി വെക്കുന്നുവെങ്കിലും ആശ്വാസകരമായ ഒരു നിലവാരത്തിലേക്ക് നമ്മുടെ മതപഠനരംഗം എത്തിയില്ല എന്ന സ്വയം വിമർശനവും പങ്ക്വെക്കട്ടെ. ഊർജ്ജസ്വലമായ അദ്ധ്യാപക സമ്പത്തിന് വേണ്ടി മഹല്ല് കമ്മിറ്റി അഹോരാത്രം പ്രയത്നിക്കുന്നുണ്ടെങ്കിലും നാം ആഗ്രഹിക്കുന്ന വിധത്തിലേക്ക് മുന്നേറാൻ കഴിഞ്ഞിട്ടില്ലെന്നതും വാസ്തവമാണ്. മഹല്ല് റെക്കോഡുകൾ പ്രകാരം 15 വയസ്സിന് താഴെയുള്ള ഏകദേശം 1000ത്തോളം കുട്ടികൾ നമ്മുടെ മദ്രസകളിൽ പഠനം നടത്തേണ്ടതുണ്ട്. എന്നാൽ 60% പേരും എത്തിയിട്ടില്ലെന്നത് ഖേദകരമാണ്. CBSE സ്കൂളുകൾ, അറബി പഠന വിഷയമായിട്ടുള്ള സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ തുടങ്ങിയവർ നമ്മുടെ മദ്രസകളിൽ എത്തിച്ചേരുന്നില്ല എന്ന അവസ്ഥ നിലനിൽക്കുന്നു. കൂടാതെ മദ്രസയിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും വളരെ കൂടുതലാണ്. ഇത്തരം സാഹചര്യങ്ങളിലാണ് അദ്ധ്യാപകരുടേയും പ്രദേശിക അഡ്വൈസറി കമ്മറ്റികളുടേയും സേവനം മഹല്ലിനാവശ്യമായി വരുന്നത്. അദ്ധ്യാപനം സേവനം കൂടിയാണെന്ന തിരിച്ചറിവിലേക്ക് നമ്മുടെ അദ്ധ്യാപകസമൂഹം എത്തിപ്പെടുമ്പോൾ ദീനിരംഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കി മാറ്റാൻ ഈ മഹല്ലിന് കഴിയും.

അദ്ധ്യാപകരുടെ തൊഴിൽ, സേവനം, ചുമതലകൾ എന്നിവ ബോധ്യപ്പെടുത്തുന്നതിന് മഹല്ല് കമ്മിറ്റി അദ്ധ്യാപകർക്ക് നൽകിയ കൗൺസിലിങ് ക്ലാസ് ഏറെ പ്രയോജനകരമായിരുന്നു. അടുത്ത അദ്ധ്യായന വർഷാരംഭത്തിൽ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി ഒരു കൗൺസിലിങ് ക്ലാസും നടത്തുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് 3,61,000/- ക, ഈ സാമ്പത്തിക വർഷം ലോൺ നൽകിയിട്ടുമുണ്ട്. പുരപണി സഹായം, ചികിത്സാ സഹായം എന്നീ ഇനങ്ങളിലും ജീവനക്കാർക്ക് കഴിയാവുന്ന സാമ്പത്തിക സഹായങ്ങൾ മഹല്ല് കമ്മിറ്റി ചെയ്തിട്ടുണ്ട്. മഹല്ലിൽ കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിച്ച് വരുന്ന ഹയർ സെക്കന്ററി മദ്രസകളിൽ ആകെ 23 കുട്ടികളാണുള്ളത്. ഈ കുട്ടികളെ മദ്രസയിൽ എത്തിക്കുന്നതിന് മാത്രം 1,18,100/- രൂപയോളം ചെലവ് ചെയ്തിട്ടുണ്ട്. കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് നൽകിയ സ്പെഷ്യൽ അലവൻസ് 70,000/- രൂപയാണ്. ഒരു കുട്ടി മദ്രസയിൽ പഠിക്കുന്നതിന് മഹല്ല് ചെലവാക്കുന്ന സംഖ്യ 8,200/- രൂപയാണ്. ഒരു പക്ഷേ രാജ്യത്ത് ഒരിടത്തും ഇത്തരം ഒരു ചെലവ് ദീനി പഠനത്തിന് നൽകുന്നുണ്ടാകില്ല. രക്ഷിതാക്കളുടെ മീറ്റിങ് വിളിച്ചും തുടർച്ചയായ ബോധവത്കരണം എന്നിവ ഉണ്ടായിട്ടും മെച്ചപ്പെട്ട പഠനസൗകര്യം മഹല്ല് നൽകിയിട്ടും നമ്മുടെ മതപഠനരംഗം നാം ഉദ്ദേശിച്ച അർഹമായ ഒരവസ്ഥയിലേക്ക് എത്തിയിട്ടില്ലെന്ന ഹൃദയവേദനയും പങ്കിടട്ടെ. അടുത്ത വർഷം 46 കുട്ടികളാണ് 7-ാം ക്ലാസ് പൂർത്തീകരിച്ച് സെക്കന്ററി മദ്രസയിൽ എത്തേണ്ടത്. ഈ കുട്ടികളെ കൂടി മദ്രസകളിൽ എത്തിക്കാൻ കഴിഞ്ഞാൽ ദീനി പഠനരംഗത്ത് വലിയൊരു ചുവടുകൂടി നാം വെയ്ക്കുകയാണ്. എത്ര സംഖ്യ ചെലവഴി

ച്ചാലും ദീനി പഠനരംഗത്ത് നമുക്ക് ലഭിക്കുന്ന ഫലം മികച്ചതായാൽ അതൊരു വലിയ നിക്ഷേപം തന്നെയാണെന്നാണ് കമ്മിറ്റിയുടെ നിഗമനം.

നമ്മുടെ മദ്രസകൾ മറ്റേതു മഹല്ലിലെ മദ്രസകളേക്കാളും ഭൗതിക സാഹചര്യങ്ങൾ കൂടുതലുള്ള സ്ഥാപനങ്ങളാണ്. അഞ്ചപ്പാലം മദ്രസയിൽ മാത്രമാണ് സ്ഥല സൗകര്യം കുറവുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള വിശദമായ ഒരു രൂപരേഖ അടുത്ത മഹല്ല് കമ്മിറ്റി തയ്യാറാക്കേണ്ടതുണ്ട്. സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പൊതുയോഗതീരുമാനപ്രകാരം 1 $^{1}/_{2}$ സെന്റ് ഭൂമി നാം വാങ്ങിയിട്ടുണ്ട്. ഇതുകൂടി ഉൾപ്പെടുത്തിയാകണം പുതിയ പദ്ധതി തയ്യാറാക്കേണ്ടത്. കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന അഞ്ചപ്പാലം മേഖലയിലെ നമസ്ക്കാരപള്ളിയും ഖുർആൻ ക്ലാസുകളും കൂടുതൽ സജീവമാണ്. 4 അദ്ധ്യാപകർ ഉൾപ്പെടെ അഞ്ച് ജീവനക്കാരുള്ള ഈ മദ്രസയിലെ കുട്ടികളുടെ എണ്ണം 103 ആണ്. കടുക്കച്ചുവട് നമസ്ക്കാരപ്പള്ളിയുടേയും മദ്രസ്സയുടേയും സ്ഥലപരിമിതികൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ സ്ഥലവും കെട്ടിടവും വാങ്ങിയിരുന്നെങ്കിലും സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ സാമ്പത്തിക ഞെരുക്കം കാരണം നടപ്പിലാക്കാനായില്ല. രണ്ട് അദ്ധ്യാപകരുള്ള ഈ മദ്രസയിൽ 38 കുട്ടികളാണ് പഠനം നടത്തുന്നത്. വി.പി.തുരുത്ത്, കോട്ടപ്പുറം, കാവിൽക്കടവ്, സി.എം.നഗർ എന്നീ മദ്രസകളിൽ ആവശ്യമായ കെട്ടിടസൗകര്യങ്ങളും മറ്റും നിലവിലുണ്ട്. വി.പി.തുരുത്ത് മദ്രസയിൽ രണ്ട് അദ്ധ്യാപകരും 32 കുട്ടികളും, കോട്ടപ്പുറം മദ്രസയിൽ രണ്ട് അദ്ധ്യാപകരും 40 കുട്ടികളും, കാവിൽക്കടവ് മദ്രസയിൽ രണ്ട് അദ്ധ്യാപകരും 15 കുട്ടികളും, സി.എം.നഗർ മദ്രസയിൽ മൂന്ന് അദ്ധ്യാപകരും 39 കുട്ടികളും, ലോകമലേശ്വരം മദ്രസയിൽ 2 അദ്ധ്യാപകരും 35 കുട്ടികളുമാണുള്ളത്.

റിപ്പോർട്ട് വർഷത്തിൽ ടി.കെ.എസ്.പുരം ഖിള്ർ മദ്രസ പൂർണതോതിൽ പുനർനിർമാണം നടത്തിയിട്ടുണ്ട്. ഇടുങ്ങിയ നമസ്ക്കാര സൗകര്യവും ക്ലാസ്മുറികളുടെ സൗകര്യക്കുറവും കാലങ്ങളായി നമ്മുടെ ചർച്ചയിലുണ്ടായിരുന്നതും പലഘട്ടങ്ങളിലായി ഈ കാര്യം പൊതുയോഗം ചർച്ച ചെയ്തിരുന്നതും പള്ളിയുടേയും മദ്രസയുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായിരുന്നു. പുനർ നിർമ്മാണത്തിന് ശേഷം നമ്മുടെ മഹല്ലിലെ മികച്ച സൗകര്യമുള്ള സ്ഥാപനമായി ഇത് മാറി. നിലവിലുണ്ടായിരുന്ന നമസ്ക്കാര സൗകര്യത്തിന്റെ മൂന്നിരട്ടിയോളം ആളുകളെ ഉൾകൊള്ളുന്നതിന് ഇപ്പോൾ കഴിയും. കൂടാതെ ഏഴ് ക്ലാസുകൾ പ്രവർത്തിക്കാനുള്ള ആവശ്യമായ സ്ഥലസൗകര്യം ഇപ്പോഴുണ്ട്. ഭാവിയിൽ മദ്രസകൾ വർദ്ധിക്കുകയാണെങ്കിൽ ആയതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള സ്ഥലവും പള്ളിക്കുണ്ട്. 39 കുട്ടികളും 3 അദ്ധ്യാപകരുമാണ് ഇവിടെയുള്ളത്. ഏകദേശം 9,00,000/- രൂപയിലധികം ഇതിന്റെ നിർമ്മാണത്തിന് വേണ്ടി മഹല്ല് ഫണ്ടിൽ നിന്നും ഉപയോഗിച്ചിട്ടുണ്ട്.

നമ്മുടെ ഓരോ സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കലും ഭാവിയിലെ ഉപയോഗങ്ങൾക്കായുള്ള കരുതലും മഹല്ല് കമ്മിറ്റിയുടെ ലക്ഷ്യമാണ്. കെട്ടിട സൗകര്യങ്ങളുടെ വർദ്ധനവ് മാത്രമല്ല, ഓരോ മദ്രസയുടെയും പള്ളിയുടേയും ഭൂവിസ്തൃതി കൂടി നാം വർദ്ധിപ്പിക്കേണ്ടതുണ്ട്. അഞ്ചപ്പാലം കടുക്കച്ചുവട് പള്ളികളോട് അനുബന്ധിച്ച് ചെറിയ അളവിലാണെങ്കിലും ഭാവി വികസനത്തിനാവശ്യമായ സ്ഥലം ഇപ്പോൾ വാങ്ങിയിട്ടുണ്ട്. ലോകമലേശ്വരം നമസ്ക്കാരപ്പള്ളി മാത്രമാണ് മതിയായ ഭൂമിയില്ലാതെ പ്രയാസ

പ്പെടുന്നത്. ദൈനംദിനാവശ്യത്തിനുള്ള വെള്ളം എടുക്കുന്ന മോട്ടർ ഫിൽറ്റർ പോലും തൊട്ടടുത്ത പുരയിടത്തിൽ സ്ഥാപിക്കേണ്ട നിസഹായവസ്ഥയാണ് ഇവിടെയുള്ളത്. 3 സെന്റ് ഭൂമിയിലാണ് 40 കുട്ടികൾ പഠിക്കുന്ന മദ്രസയും അതിന് മുകളിൽ പള്ളിയും സ്ഥിതിചെയ്യുന്നത്. ലോകമലേശ്വരം ഹിദായത്തുൽ ഇസ്ലാം മദ്രസയോട് ചേർന്ന ഭൂമി വാങ്ങുന്നതിനുള്ള തീരുമാനം മഹല്ല് പൊതുയോഗം ചർച്ചചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പള്ളിയുടെ ദൈനംദിന കാര്യങ്ങളിൽ പരിസരവാസികളായ സഹോദരങ്ങൾ ചെയ്തു തരുന്ന കാര്യങ്ങൾ ചെറുതല്ല, ആയതിന് നാഥൻ അർഹിക്കുന്ന പ്രതിഫലം നൽകുമാറാട്ടെ. കടുക്കച്ചുവട് നമസ്ക്കാര പള്ളിയോട് ചേർന്ന സ്ഥലം വിൽക്കുകയാണെങ്കിൽ ആയതും വാങ്ങി മഹല്ലിന്റെ ഭൂസ്വത്തുക്കൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ മഹല്ല് പൊതുയോഗം തീരുമാനമെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. കാവിൽക്കടവ് നമസ്ക്കാര പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് കുടിശ്ശികയുണ്ടായിരുന്ന 2,00,000 രൂപ ടി സ്ഥാപനം ഏറ്റെടുത്തതിന് ശേഷം നൽകിയിട്ടുണ്ട്. രണ്ട് സ്ഥിരം അദ്ധ്യാപകരാണ് നിലവിൽ ഇവിടെ സേവനം ചെയ്യുന്നത്. മറ്റു മദ്രസകളിൽ ഒരു അദ്ധ്യാപകൻ മാത്രമാണ് സ്ഥിരമായുള്ളത്.

പഠന നിലവാരത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ടെങ്കിലും വ്യവസ്ഥാപിതമായ ഒരു മദ്രസ സംവിധാനം മഹല്ലിനുണ്ട്. മഹല്ല് കമ്മിറ്റിയുടെ നിരീക്ഷണം, മഹല്ല് ഇമാമിന്റെ പരിശോധന, വിദ്യാഭ്യാസ ബോർഡിന്റെ ഉദ്യോഗസ്ഥന്റെ സന്ദർശനം തുടങ്ങിയ എല്ലാ കാര്യങ്ങളും കൃത്യമായി നടക്കുന്നുണ്ട്. മദ്രസകളിലെ കുട്ടികളുടെ എണ്ണത്തിലും പള്ളിയിൽ നമസ്ക്കാരത്തിനെത്തുന്നവരുടെ എണ്ണത്തിലും വർദ്ധനവില്ല എന്നതിൽ കൂടുതൽ ഗൗരവകരമായ ചർച്ച ഉണ്ടാകേണ്ടതുണ്ട്.

## ഭവന നിർമ്മാണ പദ്ധതി

റിപ്പോർട്ട് വർഷത്തിൽ മഹല്ല് ഫണ്ടിൽ നിന്നും 3 പേർക്കും സക്കാത്ത് ഫണ്ടിൽ നിന്നും 4 പേർക്കും ഭവന നിർമ്മാണത്തിനുള്ള സഹായം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന മഹല്ല് അംഗങ്ങൾക്ക് തറ നിർമ്മാണത്തിനുള്ള സഹായമാണ് ഇപ്പോൾ ചെയ്ത് വരുന്നത്. ഏകദേശം 50000/- ക യോളം ഒരു വീടിന് വേണ്ടി മഹല്ലിൽ നിന്നും നൽകുന്നുണ്ട്. വെള്ളിയാഴ്ച പള്ളിയിൽ നടത്തുന്ന ബക്കറ്റ് കളക്ഷനും മഹല്ല് ബഡ്ജറ്റ് വകയിരുത്തുന്ന സംഖ്യയും ഉൾപ്പെടെ 8 വീടുകൾ ഒരു റിപ്പോർട്ട് വർഷത്തിൽ പണിത് നൽകണമെന്നാണ് കമ്മിറ്റി ആഗ്രഹിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ 6,000/- രൂപയായിരുന്നു പുരപണി സഹായം നൽകിയിരുന്നത്. സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടും പണി നടത്താൻ കഴിയാതിരുന്ന കുടുംബങ്ങൾക്ക് മഹല്ലിന്റെ ഭവന നിർമ്മാണ പദ്ധതി ഉപകാരപ്രദമാണ്. സക്കാത്ത് ശേഖരണത്തിലെ പണം കൂടി ലഭ്യമാകുമ്പോൾ 12 വീടുകൾക്കുള്ള ചെലവ് കണ്ടെത്താനാകുമെന്ന് കരുതുന്നു. നിലവിലെ സ്ഥിതി തുടരുകയാണെങ്കിൽ നമ്മുടെ മഹല്ലും വൈകാതെ സമ്പൂർണ്ണ പാർപ്പിട മഹല്ലായി മാറുമെന്ന് പ്രത്യാശിക്കാം. (ഇൻശാ അല്ലാഹ്)

റിപ്പോർട്ട് വർഷത്തിൽ പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് തകർന്ന് വീണ വീട് പുതുക്കി പണിയുന്നതിന് സക്കാത്ത് ഫണ്ടിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. ഒരു കുടുംബത്തിന്റെ ഏക തുണയായിരുന്ന ഒരു യുവാവ് ഒരു രാത്രിയിൽ ഇല്ലാതായപ്പോൾ ദൈന്യമായി നിന്ന കുടുംബത്തിന് വീട് എന്ന സങ്കൽപ്പം പൂർത്തീകരിക്കാൻ ഈ മഹല്ല് അഹോരാത്രം ശ്രമിച്ചു എന്നതാണ് റിപ്പോർട്ട് വർഷത്തിലെ പ്രധാന നേട്ടം. സാമ്പത്തിക പ്രതിസന്ധി

യിൽ നിർമ്മാണം നിലച്ചുപോയ ഈ കുടുംബത്തിന്റെ പുരപണി പൂർത്തീകരിക്കുന്നതിന് പള്ളിയിൽ നടത്തിയ പിരിവിൽ സ്വരൂപിച്ചത് ഒരു ലക്ഷം രൂപയോളമായിരുന്നു. മഹല്ല് അംഗങ്ങൾ ആവേശത്തോടെയായിരുന്നു ഈ നിർദ്ധന കുടുംബത്തിനെ സഹായിക്കാൻ മുന്നോട്ട് വന്നത്. അതുകൊണ്ട് തന്നെയാണ് ബക്കറ്റ് കളക്ഷൻ എക്കാലെത്തെയും മികച്ച വരവിലെത്തിയത് വീടിന്റെ എല്ലാ പണികളും പൂർത്തീകരിച്ച് നൽകിയത് ഈ മഹല്ല് അംഗങ്ങളുടെ വലിയ പങ്കാളിത്തത്തോടെ തന്നെയാണ്. അവശതയനുഭവിക്കുന്നവരെ കരുതലോടെ കാത്തുസൂക്ഷിക്കാൻ കാണിച്ച അളവറ്റ സ്നേഹത്തിന് മഹല്ല് കമ്മിറ്റി മഹല്ല് നിവാസികളോട് നന്ദി പറയുന്നു. ഈ കുടുംബത്തിനെ സഹായിച്ചവർക്കും അതിന് വേണ്ടി പ്രവർത്തിച്ചവർക്കും നാഥൻ അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഉഴുവത്തുക്കടവിലെ നിരാലംബരായ ഒരു കുടുംബത്തിന് വേണ്ടി മൂന്ന് സെന്റ് സ്ഥലം വാങ്ങി നൽകുന്നതിനും ഈ റിപ്പോർട്ട് വർഷത്തിൽ നമുക്കായി. മൂന്ന് പെൺകുട്ടികളും ഉമ്മയും മാത്രം അടങ്ങുന്ന ഈ കുടുംബത്തിന്റെ ദൈന്യത പത്രവാർത്തയായതിനെ തുടർന്നാണ് മഹല്ല് കമ്മിറ്റി ഇക്കാര്യം അറിയുന്നതും ഏറ്റെടുക്കുന്നതും. ഉഴുവത്തുക്കടവ് മസ്ജിദ് കമ്മിറ്റി അംഗങ്ങളും പ്രദേശവാസികളും കമ്മിറ്റിയോടൊപ്പം ഈ പുണ്യപ്രവർത്തിയിൽ പങ്കാളികളായിട്ടുണ്ട്. മഹല്ല് ഫണ്ടിൽ നിന്നും ഒരു രൂപ പോലും മുടക്കാതെയാണ് ഈ കുടുംബത്തിന് സ്ഥലം വാങ്ങിയത്. ഇതിന് വേണ്ടി സഹകരിച്ചവർക്കും പ്രവർത്തിച്ചവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാകട്ടെ.

## സമൂഹ വിവാഹം

13 വിവാഹങ്ങളാണ് സമൂഹ വിവാഹ പദ്ധതി പ്രകാരം റിപ്പോർട്ട് വർഷത്തിൽ നടന്നിട്ടുള്ളത്. ആയതിന് 13 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മഹല്ല് ഫണ്ടിൽ നിന്നും 10 പേർക്കും വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി മഹല്ല് കമ്മിറ്റി സമൂഹ വിവാഹഫണ്ടിൽ നിന്നും വായ്പയെടുത്ത സംഖ്യയിൽ 13 ലക്ഷം രൂപ ഈ റിപ്പോർട്ട് വർഷം മടക്കി നൽകിയിട്ടുണ്ട്. മുൻ വർഷത്തേക്കാൾ സമൂഹ വിവാഹ ഫണ്ടിന് അപേക്ഷകരുടെ എണ്ണം കൂടിവരുന്ന അനുഭവമാണ് ഈ സാമ്പത്തിക വർഷത്തിൽ ഉണ്ടായിട്ടുള്ളത്. അതോടൊപ്പം മഹല്ലിന്റെ സാധാരണ സഹായത്തിനുള്ള അപേക്ഷകരുടെ എണ്ണം കുറവുമാണ്.

## ചികിത്സാ സഹായം/ പെൻഷൻ പദ്ധതി

റിപ്പോർട്ട് കാലയളവിൽ 53 പേർക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട്. ചികിത്സാ സഹായ പദ്ധതിയിൽ വകയിരുത്തിയ തുകയിൽ കൂടുതൽ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. അർഹരായ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്. രോഗിയുടെ എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കാൻ നമുക്കായില്ലെങ്കിലും ചെറിയൊരു ആശ്വാസം നൽകാൻ ഇതിനാകുന്നുണ്ട്. ഭവന നിർമ്മാണ പദ്ധതിക്ക് വക കണ്ടെത്തിയത് പോലെ ചികിത്സാ സഹായനിധി രൂപീകരിക്കാൻ കൂടി അടുത്ത കമ്മിറ്റി ശ്രമം നടത്തിയാൽ മഹല്ലിന്റെ സഹായം അർഹിക്കുന്ന രോഗികൾക്ക് വലിയൊരാശ്വാസമാകും. കൂടാതെ ഇതര മഹല്ല് അംഗങ്ങൾക്കും സഹോദര സമുദായാംഗങ്ങൾക്കും വകയിരുത്തിയ ധനസഹായവും, നിശ്ചിത സംഖ്യയേക്കാൾ അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ക്യാൻസർ, വൃക്ക തകരാറിലാകൽ തുടങ്ങിയ മാരക രോഗങ്ങൾ സമൂഹത്തിൽ പകർച്ചവ്യാധി പോലെയാവുകയാണ്. ഭീമമായ സംഖ്യയാണ് ഇതിന് വേണ്ടി ചിലവഴിക്കുന്നത്. തീർച്ചയായും ഒരു

ചികിത്സാ സഹായ നിധികൊണ്ട് മാത്രമേ പാവപ്പെട്ട രോഗികളെ സഹായിക്കാനാകൂ. കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് പ്രതിമാസം 2500/-രൂപ ഡയാലിസിസ് വിഭാഗത്തിന് മഹല്ലിൽ നിന്നും നൽകി വരുന്നുണ്ട്. കൂടാതെ പെയിൻ & പാലിയേറ്റീവ് സെന്ററായ ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ടിനും 6,000/- രൂപ വർഷം തോറും നൽകുന്നുണ്ട്. ഇത് കഴിഞ്ഞ 10 വർഷമായി തുടർന്ന് വരുന്നതാണ്.

മഹല്ലിന്റെ വാർദ്ധക്യ പെൻഷൻ ഈ റിപ്പോർട്ട് വർഷത്തിൽ 8 പേർക്കു കൂടി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 52 പേരാണ് പെൻഷൻ വാങ്ങുന്നത്. ചെറിയ സംഖ്യയാണെങ്കിലും പ്രതിമാസം ലഭിക്കുന്ന 300/- രൂപ ഇവർക്ക് ജീവിതത്തിൽ ചെറിയൊരാശ്വാസം നൽകുന്നുണ്ട്. മഹല്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് പെൻഷൻ സംഖ്യയിൽ വർദ്ധനവ് വരുത്താൻ വരുംകാല ഭരണസമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## മദ്രസ ട്യൂഷൻ

നമ്മുടെ മഹല്ലിന്റെ വിദ്യാർത്ഥികൾക്കായി 2007 ൽ ആരംഭിച്ച സൗജന്യ ട്യൂഷൻ റിപ്പോർട്ട് വർഷത്തിലും മെച്ചപ്പെട്ട അവസ്ഥയിൽ നടന്നിട്ടുണ്ട്. നമ്മുടെ പ്രദേശത്തെ അമുസ്ലിം കുട്ടികൾ ഉൾപ്പെടെ 88 കുട്ടികൾ ഈ ട്യൂഷൻ ഉപയോഗപ്പെടുത്തുന്നുണ്ട്. കേന്ദ്ര സർക്കാറിന്റെ ഗ്രാന്റിൽ ആരംഭിച്ച ഈ പദ്ധതിക്ക് കഴിഞ്ഞ 3 വർഷമായി പണം ലഭിക്കാറില്ല. എങ്കിലും മഹല്ല് കമ്മിറ്റി ട്യൂഷൻ മുടക്കം വരാതെ കൊണ്ടുപോകുന്നുണ്ട്. SSLC ക്ക് മികച്ച വിജയം കരസ്ഥമാക്കുന്ന ഈ സ്ഥാപനത്തിൽ ഈ വർഷവും മുഴുവൻ വിഷയങ്ങളിലും A+ വാങ്ങിയവരും, 9 - 8 A+ കളും കരസ്ഥമാക്കിയ വിദ്യാർത്ഥികളുണ്ട്. മികച്ച പ്രവർത്തന പരിചയവും അർപ്പണബോധവുമുള്ള അദ്ധ്യാപരുടെ പരിശ്രമം കൂടിയാണ് നമ്മുടെ സൗജന്യ ട്യൂഷൻ സെന്ററിന് ലഭിച്ചിട്ടുള്ള വിജയത്തിന്റെ കാരണങ്ങളിലൊന്ന്.

## സൺഡേ മദ്രസ- വനിതാ ഖുർആൻ ക്ലാസ്

മദ്രസ പഠനം കഴിഞ്ഞ, മുതിർന്ന ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള സൺഡേ മദ്രസയും റിപ്പോർട്ട് കാലയളവിൽ നടന്നിട്ടുണ്ട്. 30 കുട്ടികൾ ഈ ക്ലാസിൽ പങ്കെടുക്കുന്നുണ്ട്. ഉന്നത ദീനീപഠനം നടത്തുന്ന 3 കുട്ടികളുടെ മുഴുവൻ പഠന ചെലവും മഹല്ല് ഫണ്ടിൽ നിന്നും നടത്തുന്നുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള മതപഠന സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കുട്ടികളെ അത്തരം സ്ഥാപനങ്ങളിൽ ചേർത്ത് പഠിപ്പിക്കാൻ തയ്യാറായാൽ ബഹുമുഖ പ്രതിഭകളെ നമ്മുക്ക് ലഭിക്കും. അത്തരം കുട്ടികളുടെ മുഴുവൻ പഠന ചെലവും മഹല്ല് വഹിക്കുന്നതിനും മഹല്ല് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ റമളാനിൽ സ്ത്രീകൾക്ക് വേണ്ടിയാരംഭിച്ച ഖുർആൻ പഠനക്ലാസ് വീഴ്ചയില്ലാതെ നടന്നുവരുന്നുണ്ട്. വനിത അദ്ധ്യാപിക തന്നെ നയിക്കുന്ന ഈ ക്ലാസിൽ നമ്മുടെ സഹോദരിമാരുടെ മികച്ച പങ്കാളിത്തമുണ്ട്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 10 മണിക്ക് കൃത്യമായി ക്ലാസ് നടന്നുവരുന്നുണ്ട്. മദ്രസ്സകൾ കേന്ദ്രീകരിച്ചുള്ള ഖുർആൻ ക്ലാസുകളും വീഴ്ചയില്ലാതെ നടക്കുന്നുണ്ട്. ഈ ക്ലാസുകളിലും സ്ത്രീ പങ്കാളിത്തമാണ് കൂടുതലുള്ളത്. എല്ലാ മദ്രസകളിലും മാസത്തിൽ രണ്ട് പ്രാവശ്യം അസർ നമസ്ക്കാരാനന്തരം ഒരു മണിക്കൂറാണ് ഈ ക്ലാസുകൾ നടക്കുന്നത്. എന്നാൽ അഞ്ചപ്പാലം മദ്രസയിൽ മാസത്തിലെ എല്ലാ ആഴ്ചകളിലും ക്ലാസ് നടക്കുന്നുണ്ട്.

മതപഠന ക്ലാസുകളുടെ എണ്ണം വളരെ കൂടുതലാണെങ്കിലും ചില സ്ഥലങ്ങളിൽ

പങ്കെടുക്കുന്നവരുടെ എണ്ണം പരിതാപകരമാണ്. മതപഠന ക്ലാസുകൾ സംബന്ധിച്ച അറിയിപ്പ് ഓരോ വീടുകളിലും അഡ്വൈസറി കമ്മറ്റി അംഗങ്ങൾ അറിയിക്കുമെങ്കിലും പങ്കാളിത്തം വളരെ കുറവാണ്. എന്നാൽ സ്ഥിരം പങ്കെടുക്കുന്നവരുമുണ്ടെന്നതും പ്രത്യേകം പറയേണ്ടതുണ്ട്. മഹല്ലിന്റെ ദീനി ബോധവത്കരണത്തിന് മഹല്ല് നിവാസികളിൽ നിന്ന് കൂടുതൽ സഹകരണം ഉണ്ടാകേണ്ടതുണ്ട്.

## സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയും റിപ്പോർട്ട് വർഷത്തിൽ നല്ല രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അഡ്വൈസറി കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമുള്ള സക്കാത്ത് വിതരണത്തിന് ശേഷമുള്ള സംഖ്യ മുൻ വർഷത്തേത് പോലെ ഭവന നിർമാണത്തിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഭവന രഹിതരില്ലാത്ത ഒരു മഹല്ലായി നമ്മുടെ മഹല്ല് മാറ്റുമെന്ന ആഗ്രഹമാണ് കമ്മിറ്റിക്കുള്ളത്. വുളുഹിയത്ത് ഷെയർ സ്വരൂപിക്കൽ വലിയൊരു പ്രതിസന്ധിതന്നെയായി മാറിയിരിക്കുകയാണ്. മൃഗങ്ങളുടെ വിലയിലെ വൻവർദ്ധനവ് കാരണം നിശ്ചയിച്ചിട്ടുള്ള ഷെയർ സംഖ്യകൾ സ്വരൂപിക്കാൻ പ്രയാസപ്പെടുകയാണ്. എങ്കിലും സർവ്വശക്തന്റെ അനുഗ്രഹം കൊണ്ട് പ്രതിസന്ധികൾ തരണം ചെയ്ത് വുളുഹിയത്ത് വിജയകരമാക്കാൻ നമുക്കായിട്ടുണ്ട്. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണത്തിൽ മഹല്ലിലെ അഡ്വൈസറി കമ്മിറ്റി അംഗങ്ങളും സജീവമായി സഹകരിച്ചിട്ടുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. മഹല്ല് അംഗങ്ങളായ ചിലരെങ്കിലും മഹല്ലിന്റെ കൂട്ടായ്മയിൽ നിന്ന് വിട്ട് മഹല്ലിന് പുറത്ത് വുളുഹിയത്തിൽ പങ്കാളികളാവുന്നതും നമ്മുടെ മഹല്ലിന്റെ വുളുഹിയത്ത് പദ്ധതിയുടെ താളം തെറ്റുന്നതിന് കാരണമായിട്ടുണ്ട്.

## നബിദിനാഘോഷം

നബിദിനാഘോഷം റിപ്പോർട്ട് വർഷത്തിൽ നമ്മുടെ മഹല്ലിൽ ശ്രദ്ധേയമായവിധം സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഓരോ പ്രദേശത്തേയും മദ്രസകൾ അഡ്വൈസറി കമ്മിറ്റികളുടേയും പ്രദേശവാസികളുടേയും സഹകരണത്തിൽ പൊതുപരിപാടികൾ സംഘടിപ്പിച്ചാണ് മീലാദ് ആഘോഷിച്ചത്. സഹോദര സമുദായാംഗങ്ങളേയും റസിഡൻസ് അസോസിയേഷനുകളേയും പരിപാടിയിൽ സഹകരിപ്പിക്കാൻ മദ്രസകൾ കാണിച്ച താൽപര്യം ശ്ലാഘനീയമാണ്. മഹല്ല് വളർത്തിയെടുക്കുന്ന ഒരു സംസ്ക്കാരത്തിനൊപ്പം നിൽക്കാൻ ഓരോ പ്രദേശവും കാണിക്കുന്ന ശുഷ്ക്കാന്തി അഭിനന്ദനീയമാണ്. മദ്രസ്സകളിൽ പ്രാദേശികമായും, മഹല്ല് കേന്ദ്രീകരിച്ചും മുൻവർഷങ്ങളിലേത് പോലെ നബിദിനാഘോഷം നടത്തുകയുണ്ടായി. എല്ലാ പരിപാടികളിലും ഗണ്യമായ ജനപങ്കാളിത്തം ഉണ്ടായിരുന്നു എന്നത് മാത്രമല്ല, പൂർവ്വ വിദ്യാർത്ഥികൾ മദ്രസ്സകളിലെ പരിപാടികളിൽ നേതൃത്വപരമായ പങ്കുവഹിച്ചതും കഴിഞ്ഞ മീലാദിന്റെ പ്രത്യേകതയാണ്. ശ്രദ്ധേയമായ നബിദിന റാലിയോടെയാണ് മിലാദാഘോഷങ്ങൾക്ക് തുടക്കമിട്ടത് എല്ലാ മദ്രസ്സകളിലേയും വിദ്യാർത്ഥികളും രക്ഷിതാക്കളും, അദ്ധ്യാപകരും, അഡ്വൈസറി കമ്മിറ്റി അംഗങ്ങളും പള്ളിയുടെ മുറ്റത്ത് ഒരുമിച്ച് കൂടിയപ്പോൾ ആഘോഷപരിപാടിയ്ക്ക് വിളംബരമായി. മഹല്ല് പ്രസിഡന്റ് പതാക ഉയർത്തിയപ്പോൾ കൃത്യതയും അച്ചടക്കവുമുള്ള ഒരു ആഘോഷത്തിന് കൂടി നമ്മുടെ മഹല്ല് മാതൃകയായി. മികച്ച മാധ്യമ പ്രചരണം നമ്മുടെ മീലാദാഘോഷത്തിന് ലഭിച്ചു.

## വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്

റിപ്പോർട്ട് വർഷത്തിൽ 11 വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ മഹല്ല് കമ്മിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ 6 പേർ സ്പെഷ്യൽ ക്ലാസിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മഹല്ലിൽ നടക്കുന്ന വിവാഹങ്ങൾക്ക് മുമ്പായി വിവാഹപൂർവ്വ കൗൺസിലിംങ് ക്ലാസ്സിൽ പങ്കെടുത്തിരിക്കണമെന്ന പൊതുയോഗതീരുമാനം കമ്മിറ്റി കൃത്യമായി പാലിച്ച് വരുന്നുണ്ട്. ഇതര മഹല്ല് അംഗങ്ങൾ ഉൾപ്പെടെ 207 പേരാണ് ഈ ക്ലാസുകളിൽ പങ്കെടുത്തിട്ടുള്ളത്. യഥാസമയം ക്ലാസിൽ പങ്കെടുക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ കമ്മിറ്റി ചെയ്തുകൊടുക്കുന്നുണ്ട്. വിവാഹം, വിവാഹശേഷമുള്ള ജീവിതം കുടുംബബന്ധം തുടങ്ങിയ കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് ഈ ക്ലാസുകൾ കാരണമായിട്ടുള്ളതാണ്. റിപ്പോർട്ട് കാലയളവിൽ മൂന്ന് വൈവാഹിക പ്രശ്നങ്ങളും 2 കുടുംബപ്രശ്നങ്ങളും മഹല്ല് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിരുന്നതും നിർഭാഗ്യകരമായ സാഹചര്യത്തിൽ മഹല്ല് കമ്മിറ്റി അറിയാതെ കക്ഷികൾ ഉണ്ടാക്കിയ ധാരണപ്രകാരം ഒരു വിവാഹമോചനം നടത്തിയിട്ടുള്ളതുമാണ്. വിവാഹപൂർവ്വ കൗൺസിലിംങ് ക്ലാസിന്റെ വിജയം കഴിഞ്ഞ കുറെ നാളുകളായി നാം അനുഭവിച്ച് വരുന്ന ഒന്നാണ്. കുടുംബപ്രശ്നങ്ങളെ കൂടുതൽ പക്വതയോടെയും സഹിഷ്ണുതയോടെയും ബന്ധപ്പെട്ടവർ സമീപിക്കുന്നുവെന്നത് വളരെ ആശാവഹമാണ്. നമ്മുടെ കുട്ടികൾ കൂടാതെ ഇതര മഹല്ലുകളിലെ കുട്ടികൾ കൂടി ഇതിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്നു എന്നുള്ളതും നമ്മുടെ പ്രീമാരിറ്റൽ ക്ലാസിന് ലഭിച്ചിട്ടുള്ള അംഗീകരമാണ്. കേരളത്തിലെ ഒട്ടേറെ മഹല്ലുകൾ ചേരമാൻ ജുമാ മസ്ജിദിന്റെ പാത പിന്തുടരുന്നു. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഇപ്പോൾ വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ് മഹല്ലുകളിൽ നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളതും നമ്മുടെ പദ്ധതിക്ക് ലഭിച്ച അംഗീകരാണ്.

## പി.എസ്.സി. ജില്ലാ കേന്ദ്രം

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മസ്ജിദ് ക്യാമ്പസിൽ നടത്തിവരുന്ന പി.എസ്.സി. ട്രെയിനിംഗ് ജില്ലാ സെന്റർ (CCMY) പ്രവർത്തനം ഇപ്പോൾ ഒരു വർഷം പിന്നിടുകയാണ്. 170 കുട്ടികൾ പഠിക്കുന്ന ഈ സെന്ററിൽ കഴിഞ്ഞ എൽ.ഡി.സി. ക്ക് 2-ാം റാങ്ക് ഉൾപ്പെടെ 29 പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സന്തോഷപൂർവ്വം മഹല്ല് നിവാസികളെ അറിയിക്കട്ടെ. 14 പേർ ഇതിൽ അമുസ്ലിം ഉദ്യോഗാർത്ഥികളാണ്. നമ്മുടെ മഹല്ലിൽ നിന്നും 6 പേർ മാത്രമാണ് 170 ആളുകൾ പഠിക്കുന്ന ക്ലാസിൽ പങ്കെടുക്കുന്നത്. സമീപ പ്രദേശങ്ങളിലെ മഹല്ല് അംഗങ്ങൾ ഈ ക്ലാസുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ നമ്മുടെ മഹല്ല് പരിധിയിൽ താമസിക്കുന്ന അമുസ്ലിം കുട്ടികളും ഇതിൽ വീഴ്ച കൂടാതെ പങ്കെടുക്കുന്നുണ്ട്. പി.എസ്.സി. ട്രെയിനിംഗ് സെന്ററിനെ കുറിച്ച് ആവശ്യമായ ബോധവൽക്കരണം യഥാ സമയങ്ങളിൽ നമ്മുടെ മഹല്ലിൽ നടത്തിയിട്ടും ആവശ്യമായ ശ്രദ്ധ നമ്മുടെ കുട്ടികൾക്കുണ്ടാകുന്നില്ല എന്നത് ഖേദകരമാണ്. സ്വകാര്യ സ്ഥാപനങ്ങൾ ആയിരങ്ങൾ ഫീസായി വാങ്ങുന്ന പി.എസ്.സി. ട്രെയിനിംഗ് സൗജന്യമായി സർക്കാർ നൽകിയിട്ടുള്ളത് ഉപയോഗപ്പെടുത്താൻ കഴിയാത്തത് നിർഭാഗ്യകരമാണ്.

## നോമ്പ് തുറക്കൽ

നമ്മുടെ പള്ളിയിൽ മുൻകാലങ്ങളെപ്പോലെ റിപ്പോർട്ട് വർഷത്തിലും നോമ്പ്തുറ

വിപുലമായി തന്നെ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാദിവസവും ഭക്ഷണത്തോടെയുള്ള നോമ്പ് തുറതന്നെയാണ് നടത്തിയിട്ടുള്ളത്. ഒരു ദിവസം പോലും അതിൽ വിഴ്ചയുണ്ടായിട്ടില്ല. പതിറ്റാണ്ടുകളായി നടന്നുവരുന്ന ജീരകക്കഞ്ഞി വിതരണം പതിവുപോലെ നടന്നിട്ടുണ്ട്. അമുസ്ലിം സഹോദരങ്ങൾ ഉൾപ്പെടെ നൂറുകണക്കിന് കുടുംബങ്ങൾ മഹല്ലിന്റെ സൗജന്യ കഞ്ഞി വിതരണത്തിന്റെ ഗുണഭോക്താക്കളാകുന്നുണ്ട്. നോമ്പ് തുറക്കുന്നതിനുള്ള വിഭവങ്ങൾ തയ്യാറാക്കാനും അത് വിളമ്പുന്നതിനും പ്രവർത്തനനിരതമായ ഒരു കൂട്ടം ആളുകൾ നോമ്പ് തുറക്കലിനെ കുറ്റമറ്റതാക്കുന്നുണ്ട്. സർവ്വശക്തൻ അവർക്ക് അർഹമായ പ്രതിഫലം നൽകട്ടെ. ആമീൻ. കൂടാതെ നമ്മുടെ നോമ്പ് തുറക്കുള്ള ചെലവുകൾ കഴിഞ്ഞ കുറെ വർഷങ്ങളായി മുടങ്ങാതെ എത്തിച്ച് തരുന്ന സഹോദരങ്ങൾക്ക് നാഥൻ എല്ലാ സഹായങ്ങളും അനുഗ്രഹങ്ങളും നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

റിപ്പോർട്ട് വർഷത്തെ നോമ്പ് തുറക്കലിന് സംസ്ഥാന കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ, കൊടുങ്ങല്ലൂർ എം.എൽ.എ വി.ആർ. സുനിൽകുമാർ, കയ്പമംഗലം എം. എൽ.എ. ടൈസൺ മാസ്റ്റർ, നഗരസഭ ചെയർമാൻ സി.സി. വിപിൻചന്ദ്രൻ ഉൾപ്പെടെയുള്ള കൗൺസിൽ അംഗങ്ങൾ എന്നിവർ കൂടി പങ്കെടുത്തത് വാർത്താ പ്രാധാന്യമുള്ളതായി. മഹല്ലിന്റെ സാമൂഹിക-സാംസ്കാരിക-മതേതര രംഗത്ത് നിറഞ്ഞ സാന്നിദ്ധ്യമാകാൻ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയുമെന്നാണ് കമ്മിറ്റിയുടെ വിശ്വാസം.

## മസ്ജിദ് പുനരുദ്ധാരണം

നാളുകളായുള്ള നമ്മുടെ കാത്തിരിപ്പിന് വിരാമമായി മസ്ജിദ് പുനരുദ്ധാരണത്തിന് കൊടുങ്ങല്ലൂർ നഗരസഭയിൽ നിന്നും, നഗരാസൂത്രണ വകുപ്പിൽ നിന്നും, ജിയോളജി വകുപ്പിൽ നിന്നും, ആർക്കിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ള വിവരം മഹല്ല് അംഗങ്ങളെ അറിയിക്കട്ടെ. ആഭ്യന്തര വകുപ്പിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നുള്ള ആവശ്യമായ അന്വേഷണം പൂർത്തീകരിച്ച് അനുമതി നേരത്തെ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ മണ്ണ് പരിശോധന കഴിഞ്ഞിട്ടുള്ളതും വ്യക്തമായ പ്ലാനും ആവശ്യമായ വിശദീകരണമുൾപ്പെടെയുള്ള വിവരങ്ങളും തയ്യാറാക്കിയിട്ടുള്ളതുമാണ്. അടുത്ത പ്രധാനഘട്ടം ഫണ്ട് രൂപീകരണമാണ്. ഇക്കാര്യത്തിലും വ്യക്തമായ രൂപരേഖ കമ്മിറ്റി തയ്യാറാക്കിയിട്ടുണ്ടെന്ന വിവരവും അംഗങ്ങളെ അറിയിക്കുന്നു. ജില്ലാ കളക്ടറുടെ അന്തിമാനുമതി ലഭിക്കുന്ന മുറക്ക് നാളുകളായി നാം സ്വപ്നം കാണുന്ന നിമിഷം ചേരമാൻ മസ്ജിദിന്റെ പുതിയൊരു ചരിത്രത്തിന് കൂടി നമ്മുടെ തലമുറ സാക്ഷ്യമാകുമെന്ന് കരുതുന്നു. (ഇൻശാ അല്ലാഹ്) അല്ലാഹു അതിന് അനുഗ്രഹിക്കട്ടെയെന്നും ആവശ്യമായ കാവലും കരുതലും ഐക്യവും ഈ മഹല്ലിന് നൽകട്ടെയെന്നും ദുആ ചെയ്യുന്നു. (ആമീൻ)

## മുസ്രിസ് പൈതൃക പദ്ധതി

കഴിഞ്ഞ പത്ത് വർഷത്തോളമായി കൊടുങ്ങല്ലൂർ പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മുസ്രിസ് പൈതൃക പദ്ധതി ഇപ്പോൾ മുന്നേറ്റങ്ങളില്ലാതെ ഏകദേശം നിശ്ചലമായി നിൽക്കുകയാണ്. അകത്തെ പള്ളിയുടെ ജീർണ്ണിച്ച ബീമുകൾ പകരം മാറ്റിവക്കൽ, ഇസ്ലാമിക പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണം തുടങ്ങിയ ബൃഹത് പദ്ധതികൾ പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. അകത്തെ പള്ളിയുടെ ബീമുകൾ മാറ്റി വെക്കുവാൻ സർക്കാർ ഫണ്ട് അനുവദിക്കുന്നതിന് ടൂറിസം മന്ത്രി മസ്ജിദ് സന്ദർശിച്ച വേളയിൽ അറിയിച്ചിരുന്നതും ധനമന്ത്രി ഇത് അംഗീകരിച്ചിരുന്നതു

മാണ്. എന്നാൽ 2017-2018 കാല ബഡ്ജറ്റിൽ നിന്നും നമുക്കിത് ലഭിച്ചിട്ടില്ല. 2018-2019 വർഷത്തേക്ക് അനുവദിച്ച മുസ്‌രിസ് ഫണ്ടിൽ നിന്നും ഈ ബീമുകളുടെ അറ്റകുറ്റ പണികൾക്ക് പണം നൽകാമെന്ന് ചീഫ് ആർക്ക്ടെക്റ്റും, സ്പെഷ്യൽ ഓഫീസറും കമ്മിറ്റിയെ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇൻശാ അല്ലാഹ് 2018-2019 വർഷത്തിൽ ഈ പദ്ധതി പൂർത്തീകരിക്കുമെന്ന് നമുക്ക് വിശ്വസിക്കാം.

നമ്മുടെ പള്ളിയുടെ മുഖ്യആകർഷണമെന്ന് കരുതുന്ന ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിന്റെ സിവിൽ വർക്ക് രണ്ട് വർഷം മുമ്പ് പൂർത്തീകരിച്ചതാണെങ്കിലും ഇതുവരെ മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ നമുക്കായിട്ടില്ല. പ്രധാനമായും സംസ്ഥാന സർക്കാറിന്റെ സി-ഡിറ്റ് വകുപ്പിന്റെ നേതൃത്വത്തിൽ ചെയ്യുന്ന ഡിജിറ്റൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പള്ളിയുടെയും കേരളത്തിലെ ഇസ്‌ലാമിന്റെയും ചരിത്രം രേഖപ്പെടുത്തുന്ന 62 ഓളം പാനലുകളുടെ സ്ക്രിപ്റ്റും പരിഭാഷയും മ്യൂസിയം എക്സ്പെർട്ട് കമ്മിറ്റി തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും സർക്കാർ വകുപ്പുകളുടെ നയവ്യത്യാസങ്ങളും മെല്ലെപ്പോക്കും രാജ്യം ഉറ്റുനോക്കുന്ന ഒരു ബൃഹത് പദ്ധതിയെ അകാരണമായി വൈകിപ്പിക്കുകയാണ്. മഹല്ലിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ ആവശ്യമായ സമ്മർദ്ദങ്ങൾ മഹല്ല് കമ്മിറ്റിയിൽ നിന്നും ഉണ്ടാകുന്നുണ്ട്. തുടർന്ന് വരുന്ന കമ്മിറ്റികളും ഇക്കാര്യത്തിൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. സർവ്വശക്തൻ അനുഗ്രഹിച്ചാൽ 2018-2019 റിപ്പോർട്ട് വർഷത്തിൽ മഹല്ലിന്റെ രണ്ട് പ്രധാന പദ്ധതികളും മുസ്‌രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കപ്പെടും.

കേരളത്തിലെ പ്രധാനപ്പെട്ട 4 വിവിധ ആരാധനാലയങ്ങളെ കൂട്ടിയിണക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്പിരിച്വൽ ടൂറിസം പദ്ധതിയിലേക്ക് നമ്മുടെ പള്ളിയെ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ള വിവരം മഹല്ല് അംഗങ്ങളെ അറിയിക്കട്ടെ. സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പള്ളിയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മഹല്ല് കമ്മിറ്റി വിശദമായ പ്രൊജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൻസ് കണ്ണന്താനവുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുള്ളതും ഈ അവസരത്തിൽ അറിയിക്കുന്നു.

## ഇസ്‌ലാമിക് ഡിജിറ്റൽ ലൈബ്രറി

2016-2017 വർഷത്തെ പ്രവർത്തന റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ചിരുന്നത് പോലെ രാജ്യത്തെ ആദ്യ ഇസ്‌ലാമിക് ഡിജിറ്റൽ ലൈബ്രറി നമ്മുടെ മഹല്ലിൽ ഒരുങ്ങിക്കഴിഞ്ഞു. നൂറ്റാണ്ടുകൾ പഴക്കമുള്ളതും, തൊട്ടാൽ പൊടിയുന്നതും, അന്യമായി പോകുന്നതുമായ അറബി ഖിത്താബുകൾ, പ്രസിദ്ധീകരണങ്ങൾ, അമൂല്യമായ അറബി മലയാളം ഗ്രന്ഥങ്ങൾ തുടങ്ങിയവയുടെ വിപുലമായശേഖരം ഡിജിറ്റലൈസ് ചെയ്ത് കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ളതും ചരിത്ര വിദ്യാർത്ഥികൾക്കും ചരിത്രകാരന്മാർക്കും ഇസ്‌ലാമിക പണ്ഡിതൻമാർക്കും പരിശോധിക്കാനും പഠിക്കുന്നതിനും നമ്മുടെ നിലവിലെ മ്യൂസിയത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം ഒരു ലക്ഷത്തോളം പേജുകളാണ് സർക്കാർ സഹായത്തോടെ കേരളത്തിലെ പൗരാണിക മുസ്ലിം കുടുംബങ്ങളിൽ നിന്നും പള്ളി ദർസുകളിൽ നിന്നും നാം സമാഹരിച്ചത്. ഇസ്‌ലാമിക ചരിത്രം തിരുത്താൻ ശ്രമിക്കുന്നവർക്ക് ശക്തമായ മറുപടിയായിരിക്കും വിലപ്പെട്ട ഈ രേഖകൾ. ഇനിയും ഏകദേശം ഒരു ലക്ഷത്തോളം പേജുകളുടെ തരം തിരിക്കലും മറ്റു പ്രവർത്തനങ്ങളും നടന്നു വരികയാണ്.

നമ്മുടെ മ്യൂസിയത്തിന്റെ പണികൾ പൂർത്തീകരിക്കുന്ന മുറക്ക് ഈ ഡിജിറ്റൽ ലൈബ്രറിക്ക് പ്രത്യേക സ്ഥലം നൽകി പരിശോധകർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

വിജ്ഞാനത്തിന്റെ ഈ നിധി കുംഭം സമാഹരിക്കുന്നതിൽ മഹല്ല് കമ്മിറ്റിയെ സഹായിച്ച മുദരിസുമാർ, ഉൾപ്പെടെയുള്ള മതപണ്ഡിതർ, കുടുംബങ്ങൾ, സാമൂഹ്യ പ്രവർത്തകർ, ചരിത്ര വിദ്യാർത്ഥികൾ എന്നിവരോടുള്ള കടപ്പാട് അറിയിക്കുന്നു. നാഥൻ തീർച്ചയായും അർഹിക്കുന്ന പ്രതിഫലം നൽകുമാറാകട്ടെ.

## സാമൂഹിക സാംസ്കാരിക ഇടപെടൽ

**ഭൗമ മണിക്കൂർ** : ഒരു മണിക്കൂർ വൈദ്യുതി വിളക്കുകൾ അണച്ച് ഭൂമിയെ രക്ഷിക്കാനുള്ള മഹായജ്ഞത്തിൽ പങ്കാളികളാകണമെന്ന ഐക്യരാഷ്ട്ര സംഘടനയുടെ അഭ്യർത്ഥന മാനിച്ച് 22-03-2018 ൽ രാത്രി 8 മണി മുതൽ 9 മണി വരെ വൈദ്യുതി വിളക്കുകൾ എല്ലാം അണച്ച് നമ്മുടെ പള്ളിയും പങ്കാളിയായി. സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ നിന്നും നമുക്ക് മികച്ച പിന്തുണ ഇക്കാര്യത്തിൽ ലഭിക്കുകയുണ്ടായി. കഴിഞ്ഞ വർഷവും നാം ഭൗമ മണിക്കൂർ യജ്ഞത്തിൽ പങ്കാളിത്തം വഹിച്ചു.

**ഭൗമ ദിനാചരണം** : ഈ വർഷത്തെ ഭൗമ ദിനാചരണം കോട്ടപ്പുറം കിഡ്സുമായി ചേർന്നാണ് മഹല്ല് ആചരിച്ചത്. 'ഭൂമിയെ സംരക്ഷിക്കുക... പ്രകൃതിയെ സുരക്ഷിതമാക്കുക...' എന്ന മുദ്രാവാക്യമുയർത്തി സംഘടിപ്പിച്ച പൊതുപരിപാടിയിൽ, നമ്മുടെ മദ്രസ്സ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കുട്ടികൾ പങ്കെടുത്ത പ്രകൃതിയെ വിഷയമാക്കിയുള്ള ചിത്രരചന ആകർഷകമായിരുന്നു. പ്രകൃതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിയും പ്രകൃതിയെ ആസ്വദിച്ചും നമ്മുടെ കുളക്കരയിൽ സംഘടിപ്പിച്ച പരിപാടി അത്യാകർഷകമായിരുന്നു.

**ലോക ജലദിനം** : ചേരമാൻ ജുമാ മസ്ജിദിന്റെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പള്ളിക്കുളത്തിലേക്കും കിണറുകളിലേക്കും, നമ്മുടെ കോമ്പൗണ്ടിൽ വീഴുന്ന മഴവെള്ളം തൊട്ടടുത്ത അരാകുളത്തിലേക്കും എത്തിച്ചുകൊണ്ടുള്ള മഴവെള്ള കൊയ്ത്ത് എന്ന പദ്ധതി ലോക ജലദിനത്തിൽ സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ ബഹു. പാണക്കാട് റഷീദലി ഷിഹാബ് തങ്ങൾ രാജ്യത്തിന് സമർപ്പിച്ചു. ജില്ലാ ഭരണകൂടത്തിന്റെ മഴവെള്ള കൊയ്ത്ത് ഡോക്യുമെന്ററിയിൽ നമ്മുടെ മസ്ജിദും സ്ഥാനം പിടിച്ചിട്ടുണ്ട്.

**ലോക പരിസ്ഥിതിദിനം** : ലോക പരിസ്ഥിത ദിനത്തിൽ പള്ളിപരിസരത്ത് വൃക്ഷതൈകൾ നട്ട് മഹല്ല് പരിസ്ഥിതി ദിനാചരണത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മഹല്ല് കമ്മിറ്റി അംഗങ്ങൾ, ജീവനക്കാർ, അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത ലളിതമായ ചടങ്ങ് നമ്മുടെ സാമൂഹ്യ പ്രതിബദ്ധതയുടെ മാതൃകയായിരുന്നു.

**ഇരകൾക്കൊപ്പം** : സമൂഹ മനഃസാക്ഷിയെ ഞെട്ടിച്ച കഠ്വ, ഉന്നാവോ ഇരകളുടെ നീതിക്ക് വേണ്ടി രാജ്യത്തെ ജനാധിപത്യ വിശ്വാസികൾക്കൊപ്പം നമ്മുടെ മഹല്ലും അണിചേർന്നു. "അരുതരുത് കൊല്ലരുത്" എന്ന കാമ്പയിന്റെ ഭാഗമായി ന്യൂനപക്ഷ വേട്ടക്കെതിരെ പ്രധാനമന്ത്രി ഇടപെടണമെന്നാവശ്യപ്പെട്ട് 6,000 ത്തോളം ഒപ്പുകൾ ശേഖരിച്ച് പ്രധാനമന്ത്രിക്കയച്ച് കൊടുത്തു. 20-04-2018 ൽ ജുമാ നമസ്ക്കാരാനന്തരം ഈ മഹല്ലിന്റെ പ്രതിഷേധം അധികാരികളെ ബോധ്യപ്പെടുത്തുന്നതിന് പ്രതിഷേധസംഗമവും സംഘടിപ്പിച്ചു. കൂടാതെ

കൊടുങ്ങല്ലൂരിലെ ജനാധിപത്യ വിശ്വാസികളെയും സാമൂഹിക സാംസ്കാരിക പ്രവർത്ത കരെയും അണിനിരത്തി മഹല്ലിന്റെ നേതൃത്വത്തിൽ നഗരത്തിൽ പ്രതിഷേധ യോഗവും നമ്മൾ സംഘടിപ്പിക്കുകയുണ്ടായി. ദളിത്-ന്യൂനപക്ഷ വേട്ടക്കെതിരെ നമ്മുടെ സംരക്ഷക രായി നിൽക്കുന്ന ജനാധിപത്യ വിശ്വാസികളായ വലിയൊരു കൂട്ടം ഇതര മതസ്ഥരുടെ എല്ലാവിധ സഹായങ്ങളും നമ്മുടെ പ്രതിഷേധയോഗത്തിന് ലഭിച്ചിട്ടുണ്ട്.

**നേത്ര പരിശോധനക്യാമ്പ് :** ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെയും-അഹല്യാ കണ്ണാശു പത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ മഹല്ല് അംഗങ്ങൾക്ക് വേണ്ടി സൗജന്യ നേത്യ പരിശോധന ക്യാമ്പ് റിപ്പോർട്ട് വർഷത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നൂറോളം പേർ ക്യാമ്പ് ഉപയോഗപ്പെടുത്തുകയുണ്ടായി.

**ഓഖി ദുരിതാശ്വാസം :** തീരദേശത്തെ പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് വെള്ളം കയറിയ പ്രദേശങ്ങളിൽ നിന്ന് താമസക്കാരെ ഒഴിപ്പിക്കുന്നതിന് മഹല്ലിന്റെ ആംബുലൻസ് മുഴുവൻ സമയം പ്രവർത്തിച്ചിട്ടുണ്ട്. ഓഖി ദുരിതാശ്വാസ ക്യാമ്പുകൾ എം.എൽ.എ.യുടെ താൽപ്പര്യപ്രകാരം മഹല്ല് കമ്മിറ്റി അംഗങ്ങൾ സന്ദർശിക്കുകയും ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നൽകി മാതൃകയാവുകയും ചെയ്തിട്ടുണ്ട്.

**ഹജ്ജ് യാത്രയയപ്പ് :** റിപ്പോർട്ട് വർഷത്തിൽ മഹല്ലിൽ നിന്നും പരിശുദ്ധഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിന് പോയ മഹല്ല് അംഗങ്ങൾക്ക് യാത്രയയപ്പ് നൽകിയിട്ടുണ്ട്. ഹജ്ജ് ഉൽബോധന ക്യാമ്പിനോടൊപ്പം ഓരോ ഹജ്ജാജിയും വ്യക്തിപരമായി യാത്ര ചോദിക്കു ന്നതിനും ഹൃദ്യമായ ഈ വേദിക്ക് കഴിഞ്ഞു. വരും വർഷങ്ങളിലും ഹജ്ജ് യാത്രയയപ്പ് യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് വീഴ്ച വരുത്തരുതെന്നാണ് കമ്മിറ്റി ആഗ്രഹിക്കുന്നത്.

**ക്യാപ്റ്റൻ രാധികാ മേനോന് സ്വീകരണം :** നമ്മുടെ മഹല്ല് പരിധിയിലെ താമസക്കാ രിയും മർച്ചന്റ് നേവിയിലെ ആദ്യ വനിതാ ക്യാപ്റ്റനുമായ ശ്രീമതി രാധികാ മേനോന് രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡ് ലഭിച്ചപ്പോൾ ക്യാപ്റ്റന്റെ വീട്ടിൽ നേരിൽ ചെന്ന് മഹല്ലിന്റെ അഭിനന്ദനം അറിയിച്ചിട്ടുണ്ട്. കൂടാതെ ക്യാപ്റ്റനെ പള്ളിയിലേക്ക് ക്ഷണി ച്ചുവരുത്തി അനുമോദന യോഗം കൂടുകയും മഹല്ലിന്റെ ഉപഹാരവും മംഗളപത്രവും നൽകി നാം ആദരിക്കുകയും ചെയ്തിട്ടുണ്ട്. ചേരമാൻ ജുമാ മസ്ജിദിൽ നിന്നും തനിക്ക് ലഭി ക്കുന്ന അംഗീകാരവും ആദരവും മറ്റെന്തിനേക്കാളുമുപരി മൂല്യമുള്ളതാണെന്ന ക്യാപ്റ്റൻ രാധികാ മേനോന്റെ മറുപടി പ്രസംഗം നമ്മുടെ മതേതര സംസ്കാരത്തിന് ലഭിച്ച വലി യൊരംഗീകാരമായി കണക്കാക്കാവുന്നതാണ്.

## മഹല്ല് കോ-ഓർഡിനേഷൻ

രാജ്യത്തെ മത ന്യൂനപക്ഷങ്ങൾ സ്ഥിരമായി ഫാസിസ്റ്റ് ആക്രമണത്തിൽ അസ്വസ്ഥ മാകുന്ന കാലഘട്ടത്തിൽ ഭാവിക്ക് വേണ്ടിയുള്ള കരുതൽ എന്ന നിലയിൽ പ്രസ്ഥാനങ്ങ ളുടെ കൊടിതോരണങ്ങൾ ഇല്ലാതെ മുസ്ലിം എന്ന വികാരത്തിൽ ഒരു ഐക്യനിര കെട്ടിപ്പ ടുക്കേണ്ടത് അനിവാര്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മഹല്ലുകളുടെ ഒരു ഏകോപനം ഉണ്ടാക്കുന്നതിന് ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ നേതൃത്വത്തിൽ മഹല്ല് കോ-ഓർഡിനേഷൻ രൂപീകരിച്ചിട്ടുണ്ട്. കയ്പ്പമംഗലം-കൊടുങ്ങല്ലൂർ നിയോജക മണ്ഡ ലങ്ങളിലെ മഹല്ലുകളെ ഉൾപ്പെടുത്തി ആലോചനാ യോഗം കൂടുകയും തുടർന്ന് മഹല്ല് ഭരണസംവിധാനം പരിചയപ്പെടുത്തുന്നതിനും മഹല്ലുകളുടെ അനുഭവ സമ്പത്ത് പരസ്പരം

പങ്കുവെക്കാനും മഹല്ല് ശാക്തീകരണ സെമിനാർ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോ-ഓർഡിനേഷന്റെ പ്രവർത്തനം സംസ്ഥാന തലത്തിലേക്ക് വ്യാപിപ്പിക്കണമെന്ന നിർദ്ദേശവും സെമിനാറിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇൻശാ അല്ലാഹ് ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയട്ടെ എന്ന് നമുക്ക് ദുആ ചെയ്യാം.

## ചേരമാൻ ജുമാ മസ്ജിദ്-പി.എം. ഫൗണ്ടേഷൻ ഹെൽപ്പ് ഡെസ്ക്ക്

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകി വരുന്ന വിവിധ ധനസഹായ പദ്ധതികൾ, വായ്പകൾ, ശാക്തീകരണ പദ്ധതികൾ തുടങ്ങിയ എല്ലാ മഹല്ലുകളിലെയും അംഗങ്ങളിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ നൽകുന്നതിനും അപേക്ഷാ ഫോറങ്ങൾ നൽകുന്നതിനുമായി നമ്മുടെ മഹല്ലും, പി.എം. ഫൗണ്ടേഷനും സംയുക്തമായി ഒരു ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പകൾ, തൊഴിൽ വായ്പകൾ, ഭവന വായ്പകൾ തുടങ്ങി സർക്കാർ സബ്സിഡി ലഭിക്കുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും വിദ്യഭ്യാസ ഉപരിപഠന സാധ്യതകൾ, കോഴ്സുകൾ തുടങ്ങിയവയുടെ വിവരങ്ങളും ഇവിടെ നിന്ന് ലഭ്യമാക്കി വരുന്നു.

## വിശിഷ്ട വ്യക്തികളുടെ സന്ദർശനം.

റിപ്പോർട്ട് വർഷത്തിലും വിശിഷ്ട വ്യക്തികളുടെ ഒരു നീണ്ട നിരതന്നെ ചേരമാൻ ജുമാ മസ്ജിദിലേക്ക് ഉണ്ടായിട്ടുണ്ട്. ജാമിഅഃ മില്ലിയ യൂനിവേഴ്സിറ്റി വൈസ്ചാൻസലർ, പോസ്റ്റ്മാസ്റ്റർ ജനറൽ ഓഫ് ഇന്ത്യ ആർ.എസ്. റിസ്‌വി, നാഷണൽ മ്യൂസിയം ഡയറക്ടർ വേണുഗോപാൽ, ഇരിങ്ങാലക്കുട രൂപതാ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ചെന്നൈ രൂപതാ നിയുക്ത മെത്രാൻ ഫാ. ജോബി, ടുണീഷ്യൻ രാഷ്ട്ര നേതാക്കൾ, മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ഇർഫാൻ പഠാൻ, അരുണാചൽ പ്രദേശ് ഉപമുഖ്യമന്ത്രി മൊഇൻ ചൗൻ, സംസ്ഥാന വഖ്ഫ് ബോർഡ് അദ്ധ്യക്ഷൻ പാണക്കാട് റഷീദലി ഷിഹാബ് തങ്ങൾ തുടങ്ങിയവർ ഇതിൽ പ്രധാനപ്പെട്ടവരാണ്.

പ്രിയപ്പെട്ടവരെ,

നമ്മുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ഇരു കിഡ്നികളും പ്രവർത്തന രഹിതമായ വിഗ്നേഷ് എന്ന 12 വയസ്സുകാരന് വേണ്ടി വെള്ളിയാഴ്ച പള്ളിയിൽ ബക്കറ്റ് കളക്ഷനിൽ 50,000 രൂപ സ്വരൂപിച്ച് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കുന്നംകുളം ഗവൺമെന്റ് സ്കൂളിന് ഫർണീച്ചർ വാങ്ങി നൽകുന്നതിനും സധൈര്യം പദ്ധതിയോട് സഹകരിക്കുന്നതിനും നമുക്കായിട്ടുണ്ട്. മഹല്ല് കമ്മിറ്റിയുടെ ഒരു പരിപാലന കാലയളവ് കൂടി കഴിയുകയാണ്. ഞങ്ങളുടെ പരിപാലന കാലഘട്ടത്തിൽ ഈ മഹല്ലിനെ ചെറുതല്ലാത്ത പുരോഗതിയിലേക്ക് നയിക്കാൻ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. വീണ്ടും ഒരു തെരഞ്ഞെടുപ്പ് പൊതുയോഗത്തിനെ മഹല്ല് അഭിമുഖീകരിക്കുകയാണ്. 2016 ലെ തെരഞ്ഞെടുപ്പിന് ശേഷം ഈ മഹല്ല് മുൻപത്തേതുപോലെ തന്നെ ഐക്യത്തോടെ മുന്നോട്ട് കൊണ്ടുപോകുവാൻ മഹല്ല് കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പ് ജനാധിപത്യ പ്രക്രിയയുടെ ഭാഗമാണെന്നതിനാൽ അത് മഹല്ലിന്റെ ആരോഗ്യകരമായ ഒരു സംവിധാനമാണ്.

തെരഞ്ഞെടുപ്പുകളും ചർച്ചകളുമൊന്നും ഈ മഹല്ലിന്റെ പുരോഗതിയെയും ഐക്യത്തെയും പ്രതികൂലമായി ബാധിക്കുന്നില്ലെന്നത് മറ്റ് മഹല്ലുകൾക്ക് മാതൃകയാണ്. നമ്മുടെ മഹല്ലിന്റെ ചരിത്ര പ്രാധാന്യം, വർത്തമാന കാലഘട്ടത്തിൽ അതിന്റെ സ്ഥാനം, ഭാവി

കെട്ടിപ്പടുക്കുന്നതിൽ അതിന്റെ പങ്ക്, നേതൃത്വപരമായ ചുമതലകൾ എന്നിവയിലെല്ലാം നമ്മുടെ മഹല്ല് അംഗങ്ങൾ കൂടി ജാഗരൂകരാണെന്നതിൽ മഹല്ല് കമ്മിറ്റിക്ക് അഭിമാനമുണ്ട്. ഇതര മഹല്ലുകൾ നമ്മെ അംഗീകരിക്കാനും മാതൃകയാക്കാനും തയ്യാറുള്ളപ്പോൾ ചേരമാൻ ജുമാ മസ്ജിദ് അതിന്റെ നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചേ മതിയാകൂ എന്ന് കമ്മിറ്റി കരുതുന്നു. അതിനുള്ള നടപടികൾ കൂടി ഭാവി ചർച്ചകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മഹല്ല് കമ്മിറ്റിയെ ഏൽപ്പിച്ച ദൗത്യങ്ങളും, മഹല്ല് അംഗങ്ങൾ ഞങ്ങളിൽ നിന്ന് പ്രതീക്ഷിച്ച കാര്യങ്ങളും പൂർത്തീകരിക്കാൻ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. എങ്കിലും സർവ്വശക്തന്റെ ഈ ഭവനം കാത്തുസൂക്ഷിക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ച ഞങ്ങളിൽ നിന്ന് ഉണ്ടായിട്ടില്ലെന്ന് സർവ്വശക്തനെ സാക്ഷ്യപ്പെടുത്തുന്നു. റിപ്പോർട്ട് വർഷത്തിൽ മാനസികാസ്വസ്ഥ്യമുള്ള ഒരു യുവാവ് പള്ളിക്കുളത്തിൽ മുങ്ങിമരിച്ചത് മഹല്ല് കമ്മിറ്റിയെയും മഹല്ലിനെയും വളരെയധികം നൊമ്പരപ്പെടുത്തിയ സംഭവമാണ്. പള്ളിയുടെ സി.സി.ടി.വി.യിലെ ദൃശ്യങ്ങളിൽ നിന്ന് മരണകാരണം ലഭ്യമല്ലായിരുന്നുവെങ്കിൽ നാം ഒട്ടനവധി നിയമപ്രശ്നങ്ങളെ നേരിടേണ്ടി വരുമായിരുന്നു. സർവ്വശക്തന്റെ അപാരമായ അനുഗ്രഹത്താൽ അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് മരണകാരണം മണിക്കൂറുകൾക്കുള്ളിൽ ലഭ്യമായതിനാൽ മഹല്ല് വലിയൊരു അപകടത്തിൽ നിന്നും രക്ഷപ്പെടുകയായിരുന്നു. ജനപ്രതിനിധികളും മറ്റും നിയമനടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ സഹായങ്ങൾ മഹല്ലിന് ചെയ്തുതന്നത് കൃതാർത്ഥതയോടെ ഓർക്കുന്നു.

വരാൻ പോകുന്ന വർഷങ്ങൾ ചേരമാൻ ജുമാ മസ്ജിദിനെ സംബന്ധിച്ച് അതിപ്രധാനമായ കാലഘട്ടമാണ്. പൗരാണികമായ മസ്ജിദ് പുനഃസ്ഥാപിക്കലിന്റെ തുടക്കം, കേരളത്തിലെ ആദ്യ ഇസ്ലാമിക് മ്യൂസിയത്തിന്റെ ഉദ്ഘാടനം, സ്പിരിചൽ ടൂറിസം പദ്ധതിയിലുൾപ്പെടുത്തിയുള്ള മഹല്ലിന്റെ അടിസ്ഥാന സൗകര്യവികസനം. മഹല്ലുകളുടെ നേതൃത്വം ഏറ്റെടുത്ത് മുസ്ലിം ഐക്യനിര കെട്ടിപ്പടുക്കൽ, അങ്ങനെ ഒട്ടനവധി കാര്യങ്ങളാണ് മഹല്ലിന്റെ മുന്നിലുള്ളത്.

കഴിഞ്ഞ 4 വർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയുടെ കാലം കൂടിയായിരുന്നു. പ്രതിസന്ധി മറികടക്കാൻ ഇപ്പോൾ നമുക്കാകുന്നുണ്ട്. എങ്കിൽപോലും കാലങ്ങളായി നമ്മുടെ പരമ്പരാഗത വരുമാനത്തിലുണ്ടായിരുന്ന വർദ്ധനവ് കഴിഞ്ഞ 2 വർഷങ്ങളിൽ ഉണ്ടായിട്ടില്ല. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ ഉദ്ഘാടനം നമ്മുടെ വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ നിന്നുള്ള വാടകയാണ് തെല്ലെങ്കിലും ആശ്വാസമാകുന്നത്. പ്രവർത്തന കാലയളവിൽ മഹല്ല് കമ്മിറ്റിയോട് സഹകരിച്ച, ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ തന്ന, മഹല്ലിന്റെ നന്മയ്ക്ക് വേണ്ടി ഞങ്ങളെ വിമർശിച്ച, പ്രവർത്തനങ്ങൾക്ക് മാർഗ്ഗ ദർശകരായ എല്ലാവരോടും മഹല്ല് കമ്മിറ്റി നന്ദിരേഖപ്പെടുത്തുന്നു. മഹല്ലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കമ്മിറ്റിയെ സഹായിച്ച മഹല്ല് ജീവനക്കാരോടും അഡ്വൈസറി കമ്മിറ്റി അംഗങ്ങളോടും കമ്മിറ്റിക്കുള്ള കടപ്പാട് അറിയിക്കട്ടെ. മഹല്ലിന്റെ വരവ് ചിലവ് കണക്കുകൾ കാലതാമസമില്ലാതെ പ്രതിഫലേച്ചയില്ലാതെ ഓഡിറ്റ് ചെയ്ത് തരുന്ന ജനാബ് സി.കെ. അബ്ദുൾ റഷീദ്, കെ.എ. അബ്ദുൽ കരീം എന്നിവരോടും മഹല്ലിന്റെ ജനാധിപത്യ സംവിധാനത്തിന് നെടുംതൂണുകളായി പ്രവർത്തിക്കുന്ന റിട്ടേണിംഗ് ഓഫീസർ സി.വൈ. സലീം, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ നവാസ് പടുവിങ്ങൽ എന്നിവരോടും മഹല്ലിന്റെ നന്ദി അറിയിക്കുന്നു.

സഹോദരൻമാരെ,

ഈ റിപ്പോർട്ടിൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ മാത്രമേ പകർത്തുവാൻ കഴിഞ്ഞിട്ടുള്ളു. ഞങ്ങളുടെ മനസ്സിനേയും സ്വപ്നങ്ങളേയും പകർത്തുവാൻ കഴിഞ്ഞിട്ടില്ല. ലോകത്തിന്റെ നെറുകയിലേക്ക് ചേരമാൻ ജുമാ മസ്ജിദ് ഉയരുന്നതും രാജ്യത്തിന്റെ മതേതര സംസ്കാരത്തിന്റെ തികഞ്ഞ മാതൃകയാണ് ഇതെന്നും ചരിത്രത്തിൽ രേഖപ്പെടുത്തുവാനും അസഹിഷ്ണുതയില്ലാതെ അംഗീകരിപ്പിക്കുവാനുമുള്ള വലിയൊരു പോരാട്ടം ഇനിയും ബാക്കിയുണ്ട്. ഞങ്ങളുടെ കണ്ണിലുറങ്ങുന്ന സ്വപ്നം ഭാവി ഭാരതത്തിലും തിരസ്ക്കരിക്കപ്പെടാത്ത ചരിത്രത്തിന്റെ ഭാഗമാകാനുള്ള വലിയൊരു ശ്രമം വരുംകാല കമ്മിറ്റികളിൽ നിന്നും തലമുറകളിൽ നിന്നും ഉണ്ടാകണമെന്ന പ്രാർത്ഥനയോടെ ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**മഹല്ല് കമ്മിറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മിറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2017 – 2018 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | ശമ്പളം, അലവൻസ് | 50,50,000.00 | 57,59,660.00 | 7,09,660.00 |
| 2 | പെൻഷൻ | 1,83,000.00 | 1,89,600.00 | 6,600.00 |
| 3 | മഹല്ല് അംഗങ്ങൾക്കല്ലാത്ത സഹായം | 35,000.00 | 54,500.00 | 19,500.00 |
| 4 | മസ്ജിദ് | 7,00,000.00 | 10,85,917.00 | 3,85,917.00 |
| 5 | പഠനസഹായം | 3,00,000.00 | 4,14,610.00 | 1,14,510.00 |
| 6 | നോമ്പ് | 4,00,000.00 | 4,68,277.00 | 68,277.00 |
| 7 | മദ്രസ്സകൾ | 5,00,000.00 | 15,99,769.00 | 10,99,769.00 |
| 8 | ചികിത്സ | 1,50,000.00 | 1,84,000.00 | 34,000.00 |
| 9 | പൊതുയോഗം | 50,000.00 | 56,200.00 | 6,200.00 |
| 10 | മരണാനന്തരസഹായം | 3,00,000.00 | 36,8301.00 | 68,301.00 |
| 11 | പത്രം | 1,000.00 | 1,135.00 | 135.00 |
| | | | ആകെ | **25,12,969.00** |

# മഹല്ല് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്

പ്രിയരെ, അസ്സലാമുഅലൈക്കും

പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ 01-06-2014 ൽ കൂടിയ മഹല്ല് പൊതുയോഗം റിട്ടേണിംഗ് ഓഫീസർ അദ്ധ്യക്ഷനായും, അസി. റിട്ടേണിംഗ് ഓഫീസർ രണ്ട് ഓഡിറ്റർമാർ മഹല്ല് പ്രസിഡന്റ് എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് സമിതിയെ നിയമിച്ചിട്ടുണ്ട്. 14.03.2018 ൽ കൂടിയ മോണിറ്ററിംഗ് കമ്മിറ്റി യോഗം 13.05.2017 ലെയും സ്പെഷ്യൽ പൊതുയോഗത്തിന്റെയും മിനിറ്റ്സ് പരിശോധിക്കുകയും ടി മിനിറ്റ്സുകളിലെയും അതുപോലെ മുൻപൊതുയോഗങ്ങളിലെയും താഴെ പറയുന്ന തീരുമാനങ്ങളിൽ നടപടികൾ ഉണ്ടായിട്ടില്ലെന്ന് പൊതുയോഗത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

1. കാവിൽക്കടവ് നൂറുൽ യഖീൻ മദ്രസ്സയുടെ കൈവശാവകാശരേഖകൾ മഹല്ലിന്റെ പേരിലേക്ക് മാറ്റിയിട്ടില്ല (തീരുമാനം നമ്പർ 13/14.05.2016).

2. അഞ്ചപ്പാലം പള്ളിയുടെ വികസനത്തിന് സ്ഥലം വാങ്ങുവാനുള്ള തീരുമാനം കരാർ എഴുതിയിട്ടുണ്ടെങ്കിലും പൂർത്തിയായിട്ടില്ല. (സ്പെഷ്യൽ പൊതുയോഗം).

3. അഞ്ചപ്പാലം മസ്ജിദിന്റെ വികസനം നടപ്പിലായിട്ടില്ല. (തീരുമാനം നമ്പർ 14/14.05.2016)

കാവിൽക്കടവ് മസ്ജിദിന്റെ ഉടമസ്ഥാവകാശ രേഖകൾ ഈ സാമ്പത്തിക വർഷത്തിൽ മഹല്ലിന്റെ പേരിലാക്കാമെന്നും അഞ്ചപ്പാലം മസ്ജിദിന്റെ വികസനത്തിന് വാങ്ങിയ ഭൂമിയുടെ ഭൂരേഖകൾ തയ്യാറാവാൻ താമസമുള്ളതിനാലാണ് റജിസ്ട്രേഷൻ വൈകിയതെന്നും ഈ സാമ്പത്തിക വർഷമാദ്യം ഇതിന്റെ റജിസ്ട്രേഷൻ നടക്കുമെന്നും ആയതിന് ശേഷം അഞ്ചപ്പാലം മസ്ജിദിന്റെ വികസനത്തിന് പൊതുയോഗ തീരുമാനപ്രകാരം മേൽനടപടികൾ സ്വീകരിക്കുമെന്നും മോണിറ്ററിംഗ് കമ്മിറ്റി അംഗം കൂടിയായ മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അറിയിക്കുന്നു.

മഹല്ല് മോണിറ്ററിംഗ് കമ്മറ്റിയ്ക്കുവേണ്ടി
**സി.വൈ. സലീം (ചെയർമാൻ)**

20.05.2018

## ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ 01-04-2017 മുതൽ 31-03-2018 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്, 2.വൗച്ചർ, 3. പേരേട്, 4. നാൾവഴി, 5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി, രശീതി, നാൾവഴി, വൗച്ചർ, 7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്, 9. ലോൺ രജിസ്റ്റർ, 10. വാടക രജിസ്റ്റർ, 11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ, 13. അറ്റന്റൻസ് രജിസ്റ്റർ, 14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്, സമൂഹവിവാഹം എന്നിവയുടെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റും ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ മൂന്ന് ജീവനക്കാർക്ക് 2,14,000 രൂപ സർവ്വീസ് ആനുകൂല്യമായി നൽകിയിട്ടുണ്ട്. (ബഷീർ ഫൈസി-94,500, സൈനബ-72,600, റോബർട്ട് രാജ്-47,100). പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെയില്ലാതെയാണ് ഇത് നൽകിയിരിക്കുന്നത്. സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്നവർക്ക് അവരുടെ ആനുകൂല്യങ്ങൾ നിജപ്പെടുത്തുന്നതിന് വ്യക്തമായ ചട്ടങ്ങൾ ക്രോഡീകരിക്കേണ്ടതാണ്.

1. സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത് കീഴ്‌വഴക്കങ്ങൾ അനുസരിച്ചും വ്യക്തമായ മാനദണ്ഡങ്ങൾ പാലിച്ചും മഹല്ല് കമ്മിറ്റി തീരുമാനപ്രകാരവുമാണ്. 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരന് സർവ്വീസ് ആനുകൂല്യത്തിന് അർഹതയുണ്ടിയിരിക്കുന്നതും, ഒരു മാസത്തെ ശമ്പളം ഒരു വർഷത്തെ ആനുകൂല്യമായുമാണ് നൽകുന്നത്. ഇപ്രകാരം പരമാവധി 6 വർഷത്തെ ആനുകൂല്യങ്ങൾ അനുവദിക്കാറുണ്ട്. ആയത് പ്രകാരമാണ് പിരിഞ്ഞുപോയവരുടെ സർവ്വീസ് കണക്കിലെടുത്ത് സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്.

2. സെക്കന്ററി മദ്രസ്സ വിദ്യാർത്ഥികളെ മദ്രസ്സയിൽ കൊണ്ടുവരുന്നതിന് ഓട്ടോറിക്ഷ ചാർജ്ജിനത്തിൽ 1,18,000 രൂപ റിപ്പോർട്ട് വർഷത്തിൽ മാത്രം ചെലവഴിച്ചിട്ടുണ്ട്. മഹല്ലിന്റെ ഇന്നത്തെ സാമ്പത്തിക ചുറ്റുപാടിൽ ഇത് താങ്ങാവുന്നതിനപ്പുറമാണ്. കുട്ടികളുടെ രക്ഷാകർത്താക്കളിൽ

2. കഴിഞ്ഞ പൊതുയോഗവും ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുള്ളതാണ്. മഹല്ലിൽ ഒരു ഉന്നത ദീനി പഠനകേന്ദ്രം ഉയർന്ന് വരണമെന്ന മഹല്ലിന്റെ താല്പര്യപ്രകാരമാണ് കനത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഹയർസെക്കന്ററി മദ്രസയ്ക്ക് വേണ്ടി ഈ തുക വിനിയോ

| | | | |
|---|---|---|---|
| | നിന്നും അഭ്യുദയ കാംക്ഷികളിൽ നിന്നും ഇതിന് വക കണ്ടെത്തേണ്ടതാണ്. | | ഗിച്ചിട്ടുള്ളത്. ഇത് തീർച്ചയായും മഹല്ലിന്റെ ദീനി നിക്ഷേപമായി കമ്മിറ്റി കണക്കാക്കുന്നു. ഹയർസെക്കന്ററി മദ്രസ അതിന്റെ ബാലാരിഷ്ടതകൾ നീക്കി സുഗമമായി പ്രവർത്തിക്കുന്ന സമയത്ത് ഈ ചെലവ് ഒഴിവാക്കാനാകുമെന്ന് കരുതുന്നു. |
| 3. | ഓൺലൈനായി വരുന്ന സംഭാവനകൾ ബാങ്ക് പാസ്ബുക്കിൽ കൃത്യമായി വരവ് പതിച്ച് വാങ്ങേണ്ടതാണ്. എല്ലാ ഓൺലൈൻ സംഭാവനകളും മാർച്ച് മാസത്തിലാണ് വരവ് ചേർക്കുന്നതായി കാണുന്നത്. അതുകൊണ്ട് തന്നെ ബാങ്ക് പാസ്ബുക്കും ലെഡ്ജറും മാർച്ച് മാസത്തിലാണ് കൃത്യമായതായി കാണുന്നത്. എല്ലാ മാസങ്ങളിലും ഇത് കൃത്യമാക്കേണ്ടതാണ്. | 3. | ഇത് കർശനമായും പാലിക്കുന്നതാണ്. |
| 4. | ചരിത്ര പുസ്തകത്തിന്റെ സ്റ്റോക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിറ്റ്വരവും ബാലൻസും സെക്രട്ടറി ബോധ്യപ്പെട്ട് രജിസ്റ്ററിൽ ഒപ്പുവെയ്ക്കേണ്ടതാണ്. | 4. | ചരിത്ര പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടാക്കി ഓഡിറ്റ് പരാമർശം അനുസരിക്കുന്നതാണ്. |
| 5. | മരണാനന്തര സഹായ നിധി വാർഷിക വരിസംഖ്യ തുടങ്ങിയവ പിരിച്ചെടുക്കുന്നതിന് ആവശ്യമായ സംവിധാനം മഹല്ലിനില്ല. ഒരു വർഷത്തിലധികം കുടിശ്ശികയുള്ളവരെ നേരിൽ സമീപിച്ച് പണം പിരിച്ചെടുക്കേണ്ടതാണ്. വാർഷിക വരിസംഖ്യ മരണാനന്തര സഹായനിധി എന്നിവയിൽ നിന്ന് ലക്ഷക്കണക്കിന് രൂപ മഹല്ലിന് പിരിഞ്ഞുകിട്ടാനുണ്ട്. നിശ്ചിത സംഖ്യയിലധികം കുടിശ്ശികയുള്ളവരുടെ പേര് വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ്. | 5. | ഈ കാര്യത്തിൽ കൂടുതൽ ചർച്ച നടത്തി പൊതുയോഗത്തിന് തീരുമാനമെടുക്കാവുന്നതാണ്. |
| 6. | മഹല്ല് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2018 മാർച്ച് 31 വരെ 2,41,000 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശിക വരുത്തിയവരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു. വാടക പിരിയ്ക്കുന്നതിൽ മഹല്ല് കമ്മിറ്റി തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നത്. ഫെബ്രുവരി-മാർച്ച് | 6. | വാടകക്കാരുടെ സാമ്പത്തിക പ്രതിസന്ധി, വ്യാപാരമാന്ദ്യം തുടങ്ങിയവ കച്ചവടത്തെ സാരമായി ബാധിച്ചിട്ടുള്ളതാണ്. കൂടാതെ മസ്ജിദ് പ്ലാസയിലെ പുതിയ വ്യാപാരികൾക്ക് ബിസിനസ്സ് പുരോഗമിക്കുന്നതേയുള്ളു. ഇക്കാരണങ്ങളാലാണ് വാടക കുടിശ്ശിക വന്നിട്ടുള്ളത്. ഓഡിറ്റിൽ |

മാസങ്ങളിലാണ് വാടക സംഖ്യയിൽ കൂടുതലും ഈടാക്കുന്നത്. ഇത് ശരിയായ പ്രവണതയല്ല.

പരാമർശിക്കുന്ന സംഖ്യയിൽ പലതും ഏപ്രിൽ, മെയ് മാസങ്ങളിൽ ഈടാക്കിയിട്ടുണ്ട്. എങ്കിലും വാടക കുടിശ്ശിക വരാതെ പരമാവധി പിരിച്ചെടുക്കുവാൻ മേലിൽ കമ്മിറ്റി ശ്രദ്ധിക്കുന്നതാണ്. കൂടാതെ വാടക പിരിയ്ക്കുന്നതിന് മഹല്ല് കമ്മിറ്റിയിൽ നിന്ന് ഒരു സബ്ബ് കമ്മിറ്റിക്ക് ചുമതല നൽകിയിട്ടുമുണ്ട്.

7. 2,50,000 രൂപയോളം വൈദ്യുതി ചാർജ്ജിനത്തിൽ മഹല്ല് ചെലവഴിക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഘട്ടംഘട്ടമായി സോളാർ പാനൽ സ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിക്കേണ്ടതാണ്.

7. ഓഡിറ്റ് പരാമർശം പൊതുയോഗത്തിൽ ചർച്ച ചെയ്യാവുന്നതാണ്.

8. അഞ്ചപ്പാലം നമസ്ക്കാരപ്പള്ളിയുടെ ഇമാമത്ത് ജോലിക്കായി പ്രതിമാസം 1,000 രൂപ അധികമായി നൽകിയതായി കാണുന്നു. ഇമാമത്ത് ചുമതലയുള്ള ഒരു അധ്യാപകനും 3 പാർട്ട് ടൈം അധ്യാപകരുമുള്ള ഇവിടെ ഇമാമത്തിന് വീണ്ടും പണം കൊടുത്ത് ആളെ നിയമിക്കുന്നത് ന്യായീകരിക്കുവാൻ കഴിയില്ല.

8. അഞ്ചപ്പാലം മദ്രസയിലെ ഇമാമത്ത് അലവൻസ് കഴിഞ്ഞ 4 മാസമായി നൽകുന്നില്ല. ഇമാമത്ത് ചുമതലയുള്ള അദ്ധ്യാപകന്റെ അവധി ദിവസങ്ങളിൽ സഹ അധ്യാപകർക്ക് ഇമാമത്ത് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

9. വൈവാഹിക തർക്കങ്ങൾക്കും കുടുംബ തർക്കങ്ങൾക്കും മഹല്ല് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇത്തരം ആവശ്യങ്ങൾക്ക് പരാതിക്കാരിൽ നിന്ന് നിശ്ചിത സംഖ്യ ഫീസ് ഈടാക്കി അപേക്ഷ സ്വീകരിക്കേണ്ടതാണ്.

9. ആവശ്യമായ പരിഗണന നൽകുന്നതാണ്.

10. മഹല്ല് കമ്മിറ്റി യോഗങ്ങളിൽ നാലെണ്ണം ഒഴികെ ബാക്കി യോഗങ്ങളിലൊന്നും ഫുൾ കോറം ഉള്ളതായി കണ്ടില്ല.

10. ഇക്കാര്യത്തിൽ മഹല്ല് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 27,27,084.00 | 1. | നികുതി | 1,80,464.00 |
| 2. | ലേലം | 2,33,501.00 | 2. | വിദ്യാഭ്യാസ സഹായം | 4,14,610.00 |
| 3. | ഭണ്ഡാരം | 35,63,973.00 | 3. | വഖഫ് ബോർഡ് | 1,41,323.00 |
| 4. | മഖ്ബറ | 32,67,928.00 | 4. | ചെക്ക് കമ്മീഷൻ | 497.00 |
| 5. | വരിസംഖ്യ | 2,96,945.00 | 5. | മസ്ജിദ് പേരിൽ | 10,87,917.00 |
| 6. | വിവാഹഫോറം | 950.00 | 6. | ഇലക്ട്രിസിറ്റി | 2,33,388.00 |
| 7. | വിവാഹഫീസ് | 47,500.00 | 7. | വിവാഹ സഹായം | 1,00,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 200.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 3,20,000.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 1,050.00 | 9. | ശമ്പളം | 53,00,535.00 |
| 10. | വാടക | 25,70,950.00 | 10. | കെട്ടിടം അറ്റകുറ്റപണികൾ | 37,506.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 2,36,887.00 | 11. | റംസാൻ അലവൻസ് | 4,59,125.00 |
| 12. | മരണാനന്തര സഹായ ഫണ്ട് | 3,61,785.00 | 12. | പറമ്പ് പേരിൽ | 22,700.00 |
| 13. | പൊതുതാൽപര്യഫണ്ട് | 20,851.00 | 13. | മരണാനന്തര സഹായഫണ്ട് | 3,68,301.00 |
| 14. | ക്വാഷൻ ഡെപ്പോസിറ്റ് | 12,10,000.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 54,500.00 |
| 15. | ചരിത്ര പുസ്തകം വിൽപ്പന | 26,580.00 | 15. | ക്വാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 8,54,000.00 |
| 16. | റാത്തീബ് | 30,060.00 | 16. | പൊതുയോഗം | 56,200.00 |
| 17. | കോട്ടപ്പുറം മദ്രസ്സ | 13,890.00 | 17. | റാത്തീബ് | 29,146.00 |
| 18. | അഞ്ചപ്പാലം മദ്രസ്സ | 3,408.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 30,045.00 |
| 19. | വി.പി. തുരുത്ത് മദ്രസ്സ | 13,613.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 3,02,566.00 |
| 20. | ലോൺ തിരിച്ചടവ് | 2,65,500.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 21,519.00 |
| 21. | നോമ്പ്തുറക്കൽ | 4,69,615.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 3,61,000.00 |
| 22. | വിദേശ കറൻസി മാറിയത് | 25,130.00 | 22. | നോമ്പ് തുറക്കൽ | 4,68,277.00 |
| 23. | സ്വർണ്ണംവിറ്റുവരവ് | 38,840.00 | 23. | നബിദിനാഘോഷം | 96,990.00 |
| 24. | വിവാഹ സെസ്സ് | 5,134.00 | 24. | മെസ്സ് | 2,83,145.00 |
| 25. | വിശ്രമകേന്ദ്രം | 3,09,030.00 | 25. | മദ്രസ്സ ട്യൂഷൻ | 3,62,410.00 |
| 26. | പുരനിർമ്മാണം, ബക്കറ്റ് കളക്ഷൻ | 2,69,806.00 | 26. | വിശ്രമകേന്ദ്രം | 4,160.00 |
| 27. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 8,620.00 | 27. | പെയിന്റിംഗ് | 14,420.00 |
| 28. | ആംബുലൻസ് | 9,488.00 | 28. | പുരപണി സഹായം | 1,51,500.00 |
| 29. | ലോകമലേശ്വരം മദ്രസ്സ | 600.00 | 29. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 7,040.00 |
| 30. | ടി.കെ.എസ്. പുരം മദ്രസ്സ | 18,470.00 | 30. | ആംബുലൻസ് | 33,650.00 |
| 31. | ഉളുഹിയത്ത് അഡ്വാൻസ് റീഫണ്ട് | 6,00,000.00 | 31. | കടുക്കച്ചുവട് മദ്രസ്സ | 57,355.00 |
| | | | 32. | ടി.കെ.എസ്. പുരം മദ്രസ്സ | 9,45,398.00 |
| | | | 33. | ഉളുഹിയത്ത് അഡ്വാൻസ് | 6,00,000.00 |
| | | | 34. | ടെലഫോൺ | 16,878.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| | B/F | 1,66,49,388.00 | 35. | പെൻഷൻ പദ്ധതി | 1,89,600.00 |
| | | | 36. | പത്രം | 1,135.00 |
| | | | 37. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 80,011.00 |
| | | | 38. | ഹെറിറ്റേജ് മസ്ജിദ് പുനരുദ്ധാരണം | 25,000.00 |
| | | | 39. | പുരനിർമ്മാണ സഹായത്തിന് മഹല്ലിൽ ഏൽപ്പിച്ച സംഖ്യ തിരിച്ച്നൽകിയത് | 2,50,000.00 |
| | | | 40. | നിർമ്മാണപ്രവർത്തനം- സമൂഹവിവാഹ ഫണ്ടിൽ നിന്ന് തിരിച്ച് നൽകിയത് | 13,00,000.00 |
| | | | 41. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |
| | | | 42. | വി.ഐ.പി. സന്ദർശനം | 10,385.00 |
| | | | 43. | ചികിത്സാ സഹായം | 1,84,000.00 |
| | | | 44. | യാത്രാ ചിലവ് | 25,990.00 |
| | | | 45. | ഉഴുവത്ത്കടവ് മസ്ജിദ് | 1,00,000.00 |
| | | | 46. | കാവിൽകടവ് മസ്ജിദ് | 22,4869.00 |
| | | | 47. | ലോകമലേശ്വരം മദ്രസ്സ | 10,985.00 |
| | | | 48. | താലൂക്ക് ഹോസ്പിറ്റൽ | 25,000.00 |
| | | | | | |
| | | | | | |
| | | | | | |
| | ആകെ വരവ് | 1,66,47,388.00 | | ആകെ ചെലവ് | 1,58,47,540.00 |
| | Opening Cash Balance 01-04-17 | 3,655.00 | | Closing Cash Balance 31-03-18 | 3,914.00 |
| | Opening Bank Balance 01-04-17 | 3,32,315.00 | | Closing Bank Balance 31-03-18 | 11,29,904.00 |
| | | **1,69,83,358.00** | | | **1,69,83,358.00** |

## CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2018

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,418.00 |
| 2. | Indian Bank | 512068809 | 12,069.00 |
| 3. | Methala Service Bank | 2766 | 4,58,688.00 |
| 4. | Canara Bank | 136359 | 5,593.00 |
| 5 . | HDFC, Kottappuram | 15441770000010 | 29,517.00 |
| 6 . | Federal Bank | 13880100108992 | 6,21,619.00 |
| | **Total** | | **11,29,904.00** |

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്)　　**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 9,84,452.00 | 16 ബലി മൃഗങ്ങളുടെ വില | 7,88,000.00 |
| എല്ല്, തുകൽ വില്പന | 8,000.00 | മൃഗങ്ങളെ കൊണ്ടുവന്നതുൾപ്പെടെ വാഹന വാടക | 9,525.00 |
| മുൻ ബാലൻസ് | 345.40 | വൈക്കോൽ, തവിട്, കയർ, മരുന്ന്, മൃഗപരിപാലനം | 47,500.00 |
| മഹല്ല് ഫണ്ടിൽ നിന്നും അഡ്വാൻസ് | 6,00,000.00 | അറവ് കൂലി, പാക്കിംഗ്, ഭക്ഷണം | 92,200.00 |
| | | പന്തൽ, ലൈറ്റ്, കിറ്റ് എന്നിവ | 19,750.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, സമൂഹവിവാഹഫണ്ടിലേക്ക് നൽകിയത് | 8,000.00 |
| | | വേസ്റ്റ് നീക്കം ചെയ്യൽ, കുഴിയെടുക്കൽ, ക്ലീനിംഗ്, ഭക്ഷണം | 17,824.00 |
| | | മസ്ജിദ് ഫണ്ടിലേക്ക് തിരിച്ചടവ് | 6,00,000.00 |
| | | നീക്കിയിരിപ്പ് | 548.40 |
| | | ഷെയർ ബാലൻസ് തിരിച്ച് നൽകിയത് | 9,450.00 |
| **ആകെ** | **15,92,797.40** | **ആകെ** | **15,92,797.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| | | | |
|---|---|---|---|
| സക്കാത്ത് ശേഖരണം | 4,95,460.00 | സക്കാത്ത് വിതരണം 369 x 500 | 1,84,500.00 |
| | | 7 പേർക്ക് പുരപണി സഹായം | 2,90,960.00 |
| | | ടോയ്‌ലറ്റ് നിർമ്മാണത്തിന് സഹായം | 20,000.00 |
| | | | |
| **ആകെ** | **4,95,460.00** | **ആകെ** | **4,95,460.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| | | | |
|---|---|---|---|
| ഫിത്വർ സക്കാത്ത് ശേഖരണം | 1,30,200.00 | അരി വില x 20.30 രൂ. | 1,23,210.00 |
| ചാക്ക് വിൽപ്പന | 400.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 2,025.00 |
| മുൻ ബാലൻസ് | 84.00 | കിറ്റ്, പാക്കിംഗ് | 4,100.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 99.00 |
| | | | |
| **ആകെ** | **1,30,684.00** | **ആകെ** | **1,30,684.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-2018

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 72,620.00 | 13 കുട്ടികളുടെ വിവാഹത്തിനുള്ള സഹായം | 13,00,000.00 |
| സംഭാവന | 8,000.00 | ക്ലോസിംഗ് ബാങ്ക് ബാലൻസ് 31-3-2017 | 1,46,058.00 |
| മഹല്ല് ഫണ്ടിൽ നിന്നും അഡ്വാൻസ് തിരിച്ചുവരവ് | 13,00,000.00 | ക്ലോസിംഗ് ക്യാഷ് ബാലൻസ് 31-3-2017 | 10,881.00 |
| ബാങ്ക് ആദായം | 2,660.00 | ആദായം ബാങ്ക് തിരിച്ചെടുത്തത് | 4,172.00 |
| ഓപ്പണിംഗ് ബാങ്ക് ബാലൻസ് 1-04-2017 | 74,950.00 | | |
| ഓപ്പണിംഗ് ക്യാഷ് ബാലൻസ് 1-04-2017 | 2,881.00 | | |
| | | | |
| | | | |
| | | | |
| **ആകെ** | **14,61,111.00** | **ആകെ** | **14,61,111.00** |

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്) **സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2017 – 2018 | | | | | ബഡ്ജറ്റ് 2018 – 2019 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 30,00,000 | 27,27,084 | | | 30,00,000 | |
| 2 | ഭണ്ഡാരം | 35,00,000 | 35,63,973 | | | 36,00,000 | |
| 3 | മഖ്ബറ | 33,00,000 | 32,67,928 | | | 34,00,000 | |
| 4 | ലേലം | 3,00,000 | 2,33,501 | | | 2,50,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,00,000 | 2,36,887 | | | 2,50,000 | |
| 6 | പറമ്പ് | 10,000 | | | | | |
| 7 | നോമ്പ്തുറക്കൽ | 4,00,000 | 4,69,615 | 4,00,000 | 4,68,277 | 4,75,000 | 4,75,000 |
| 8 | വാടക | 28,00,000 | 25,70,950 | | | 28,00,000 | |
| 9 | വരിസംഖ്യ | 3,00,000 | 2,96,945 | | | 3,00,000 | |
| 10 | വിവാഹഫീസ് | 50,000 | 47,500 | | | 50,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 1,000 | 200 | | | 1,000 | |
| 12 | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | | | | | | |
| 13 | വിവാഹഫോറം | 1,000 | 950 | | | 1,000 | |
| 14 | സർഫിക്കറ്റ് ഫീസ് | 2,000 | 1,050 | | | 2,000 | |
| 15 | റാത്തീബ് | 40,000 | 30,060 | 35,000 | 29,146 | 40,000 | 35,000 |
| 16 | പൊതുതാല്പര്യഫണ്ട് | 30,000 | 20,851 | | | 30,000 | |
| 17 | മദ്രസ്സകൾ | 5,00,000 | 58,601 | 5,00,000 | 15,99,769 | 1,00,000 | 12,00,000 |
| 18 | മസ്ജിദ് | | | 7,00,000 | 10,85,917 | | 11,00,000 |
| 19 | ശമ്പളം, അലവൻസ് | | | 50,50,000 | 57,59,660 | | 65,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 2,50,000 | 2,33,388 | | 2,50,000 |
| 21 | ടെലഫോൺ | | | 20,000 | 16,878 | | 20,000 |
| 22 | യാത്ര | | | 30,000 | 25,990 | | 30,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 3,30,000 | 3,20,000 | | 3,30,000 |
| 24 | ചികിത്സാ സഹായം | | | 1,50,000 | 1,84,000 | | 2,25,000 |
| 25 | വിവാഹ സഹായം | | | 1,50,000 | 1,00,000 | | 1,50,000 |
| 26 | പുരപണി സഹായം | 2,00,000 | 2,69,806 | 5,00,000 | 1,51,500 | 4,00,000 | 7,00,000 |
| 27 | പഠന സഹായം | | | 3,00,000 | 4,14,110 | | 4,00,000 |
| 28 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 80,011 | | 1,00,000 |
| 29 | മെസ്സ് | | | 3,00,000 | 2,83,145 | | 3,00,000 |
| 30 | നബിദിനാഘോഷം | | | 1,15,000 | 96,990 | | 1,15,000 |
| 31 | ഉഴുവത്ത്കടവ് മസ്ജിദ് | | | 2,00,000 | 1,00,000 | | 50,000 |
| 32 | മഹല്ല് പൊതുയോഗം | | | 50,000 | 56,200 | | 60,000 |
| 33 | കേരള വഖഫ് ബോർഡ് | | | 1,50,000 | 1,41,323 | | 1,50,000 |
| 34 | നികുതി | | | 3,50,000 | 1,80,464 | | 2,50,000 |
| 35 | ചെക്ക് കമ്മീഷൻ | | | 500 | 497 | | 500 |
| 36 | മരണാനന്തര സഹായഫണ്ട് | 3,50,000 | 3,61,785 | 3,00,000 | 3,68,301 | 3,50,000 | 3,75,000 |
| 37 | പത്രം | | | 1,000 | 1,135 | | 1,500 |
| 38 | ചരിത്രപുസ്തകം | 30,000 | 26,580 | 50,000 | | 30,000 | 1,00,000 |
| 39 | വിശ്രമകേന്ദ്രം | 3,00,000 | 3,09,030 | 15,000 | 4,160 | 3,00,000 | 15,000 |
| 40 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 35,000 | 54,500 | | 50,000 |
| 41 | മദ്രസ്സ ട്യൂഷൻ | | | 3,80,000 | 3,62,410 | | 4,00,000 |
| 42 | ബിൽഡിംഗ് മെയിന്റനൻസ് | | | 2,50,000 | 37,506 | | 2,00,000 |
| 43. | പെൻഷൻ | | | 1,83,000 | 1,89,600 | | 3,00,000 |
| 44. | വിദേശകറൻസി, സ്വർണ്ണം വിൽപ്പന | 1,00,000 | 63,970 | | | 1,00,000 | |
| 45. | സമൂഹവിവാഹം-തിരിച്ചുനൽകൽ | | | 20,00,000 | 13,00,000 | | 13,00,000 |
| 46. | ഹെൽത്ത് കെയർ & താലൂക്ക് ഹോസ്പിറ്റൽ | | | | | | 36,000 |
| 47. | ആംബുലൻസ് | | | | | | 15,000 |
| 48. | കരുതൽ സംഖ്യ | | | | | | 2,46,000 |
| | **ആകെ** | | | | | **1,54,79,000** | **1,54,79,000** |

# അറിയിപ്പ്

1. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2018 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

2. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 10.06.2018 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്.എസ്.എൽ.സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 06.06.2018 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 10-05-2018 മുതൽ ആരംഭിച്ചിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. **മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.**

5. മഹല്ലിലേക്ക് നൽകുന്ന അപേക്ഷകൾക്ക് മുമ്പായി കുടശ്ശിക തീർത്തിരിക്കേണ്ടതാണ്.

6. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# THE FIRST JUMA MASJID
# IN INDIAN SUB CONTINENT



ബഹു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി
അഡ്വ. വി.എസ്. സുനിൽകുമാർ
പള്ളിയിൽ നോമ്പ് തുറയിൽ സംബന്ധിച്ചപ്പോൾ



ട്യുണീഷ്യൻ രാഷ്ട്ര പ്രതിനിധികൾ
പള്ളി സന്ദർശിച്ചപ്പോൾ



ന്യൂനപക്ഷ സംരക്ഷണ ദിനാചരണം




നബിദിനറാലി



ക്യാപ്റ്റൻ രാധികാ മേനോന് ആദരം



ക്രിക്കറ്റ് താരം ഇർഫാൻ പഠാൻ മസ്ജിദിൽ



മഴവെള്ളക്കൊയ്ത്ത് പദ്ധതി വഖഫ് ബോർഡ്
ചെയർമാൻ പാണക്കാട് റഷീദലി ഷിഹാബ് തങ്ങൾ
രാജ്യത്തിന് സമർപ്പിക്കുന്നു.



പള്ളിയിൽ നടന്ന ലോക വനദിനാചരണം



ഇരിങ്ങാലക്കുട രൂപതാ മെത്രാൻ
മാർ പോളി കണ്ണൂക്കാടനും ചെന്നൈ രൂപതാ നിയുക്ത
മെത്രാൻ ഫാ. ജോബിയും പള്ളി സന്ദർശിച്ചപ്പോൾ


## CHERAMAN JUMA MASJID

(THE FIRST JUMA MASJID IN INDIAN SUB CONTINENT)

**Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India**

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170,+91 82 89 84 3170